കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# ഏഴംകുളം ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2018-19


**കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**

e-mail:lfadpta@gmail.com


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

**ഭരണഭാഷ-മാതൃഭാഷ**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645
ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com


കെ.എസ്.എ.പിറ്റിഎ.പി10/932/2019

തീയതി: 05.12.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
ഏഴംകുളം ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: ഏഴംകുളം ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴംകുളം

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ.പി.റ്റി.എ.പി10/932/2019 തീയതി:05.12.2019

## <u>പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | പി.കെ.വിജയലക്ഷ്മി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 17.10.2019 മുതൽ 29.10.2019 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി. സൂര്യപ്രഭ പി.സി, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഹരികുമാർ. ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ശ്രീകുമാർ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വിജു രാധാകൃഷ്ണൻ | 01.04.2018മുതൽ 26.11.2018 വരെ |
| | ശ്രീമതി. രാധാമണി ഹരികുമാർ<br>വൈസ് പ്രസിഡന്റ്<br>(പ്രസിഡന്റിന്റെ അധിക ചുമതല) | 27.11.2018മുതൽ16.12.2018 വരെ |
| | ശ്രീമതി. ലത. ബി | 17.12.2018മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി. മേരിലത. ജെ | 01.04.18 മുതൽ 03.04.18 വരെ |
| | ശ്രീ. സ്റ്റീഫൻ എം.(ജൂനിയർ സൂപ്രണ്ട്)<br>(സെക്രട്ടറി ഇൻ ചാർജ്) | 04.04.18 മുതൽ 15.04.18 വരെ |
| | മേരിലത. ജെ | 16.04.18 മുതൽ 22.06.18 വരെ |
| | ശ്രീ. സ്റ്റീഫൻ എം.(ജൂനിയർ സൂപ്രണ്ട്)<br>(സെക്രട്ടറി ഇൻ ചാർജ്) | 23.06.18 മുതൽ 03.07.18 വരെ |
| | ശ്രീ. വിദ്യാധരൻ പിള്ള | 04.07.18 മുതൽ 31.03.19 വരെ |

**നിർവ്വഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സ്റ്റീഫൻ.എം | 01.04.18 മുതൽ 09.10.18 വരെ |
| | ശ്രീകല എം. | 10.10.18 മുതൽ 31.03.19 വരെ |
| | | |

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. ജയ വി.എൻ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ശ്രീമതി. ഷൈമ യൂസഫ് | 01.04.18 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സിന്ധു പി. ആർ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി പൂർണ്ണിമ വി. രാഘവൻ | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മിസ്ട്രസ്സ് (ഗവ.എൽ.പി.സ്കൂൾ അറുകാലിക്കൽ) | ശ്രീമതി. തുളസീഭായി എം. | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശ്രീജിത്ത് ബാബു | 01.04.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രതീഷ്കുമാർ ടി | 01.04.18 മുതൽ 31.03.19 വരെ |
| വെറ്റിനറി സർജൻ | ശ്രീമതി. ജൂലിയറ്റ് ബി. പിള്ള | 01.04.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രജിത. ആർ | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സജി.പി.വിജയൻ | 01.04.18 മുതൽ 31.03.19 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 11-11 |
| 12 | വസ്തുനികുതി പിരിവിൽ വ്യാപക ക്രമക്കേടുകൾ - പഞ്ചായത്തുഫണ്ടിന ലക്ഷങ്ങൾ നഷ്ടമായി | 1-12 |
| 13 | ഓഫീസ് അറ്റൻഡന്റിന് മാന്വവൽ രസീത് ബുക്ക് അനുവദിച്ചു | 1-13 |
| 14 | കടമുറികളുടെ വിസ്തീർണ്ണം അനധികൃതമായി സഞ്ചയായിൽ കുറച്ചു | 1-14 |

| | | |
|---|---|---|
| 15 | വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു -ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 1-15 |
| 16 | വസ്തുനികുതി നിർണ്ണയിക്കാത്ത നിരവധി മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു | 1-16 |
| 17 | അനധികൃത കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നു | 1-17 |
| 18 | ചട്ടങ്ങൾലംഘിച്ചുകൊണ്ടുള്ളവാണിജ്യകെട്ടിടനിർമ്മാണം | 1-18 |
| 19 | അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കുള്ള വസ്തുനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല - പഞ്ചായത്തിന് ലക്ഷങ്ങൾ നഷ്ടം | 1-19 |
| 20 | അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് കെട്ടിട നിർമ്മാണം | 1-20 |
| 21 | അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീ ഈടാക്കാത്തതിനാൽ വരുമാന നഷ്ടം | 1-21 |
| 22 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം UA നമ്പർ നൽകി നികുതി ഈടാക്കുകയോ തുടർ നടപടികൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല | 1-22 |
| 23 | ലൈസൻസ് | 1-23 |
| 24 | വ്യാപാര സ്ഥാപനങ്ങളിലേയും ഷോപ്പുകളിലേയും ജീവനക്കാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കുന്നില്ല | 1-24 |
| 25 | എം.എൻ ലക്ഷം വീട് ഒറ്റ വീട് ഇരട്ട വീടാക്കൽ പദ്ധതി, പ്രത്യേകാനുമതി വാങ്ങിയെങ്കിലും പ്രോജക്ട് നടപ്പിലായില്ല-വികസനഫണ്ട് നഷ്ടമായി. | 1-25 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-ക്രമീകരിക്കാതെ അവശേഷിക്കുന്നത് 1.25 കോടി രൂപ | 1-26 |
| 27 | സെന്റേജ് ചാർജ് ഇനത്തിൽ അധികം ഒടുക്കിയത് 64702രൂപ | 1-27 |
| 28 | കൈതപ്പറമ്പ് സ്റ്റേഡിയം മണ്ണ് നീക്കം ചെയ്യലും ലേലവും - ഫൈനൽ ലെവൽസ് എടുക്കാഞ്ഞതിനാൽ അളവിൽ കൂടുതൽ മണ്ണെടുത്തിട്ടുണ്ടോയെന്ന് വ്യക്തതയില്ല | 1-28 |
| 29 | കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ചുമത്തിയില്ല – ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം | 1-29 |
| 30 | പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ക്രമ വിരുദ്ധമായി റിട്ടെൻഷൻ തുക തിരികെ നൽകി | 1-30 |
| 31 | ബാരൽ വിലയും ജി.എസ്.ടിയും തനത്ഫണ്ട് അക്കൗണ്ടിൽ നിലനിർത്തി | 1-31 |
| 32 | ജി.എസ്.ടി കുറവ് ചെയ്യാതിരുന്നത് കരാറുകാരന് അധിക പ്രതിഫലം നൽകുന്നതിന് ഇടയാക്കി | 1-32 |
| 33 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 1-33 |
| 34 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് - കരാറുകാരന് അർഹതപ്പെട്ട തുകയിൽനിന്നും തെറ്റായി കുറവ് ചെയ്യുന്നു | 1-34 |
| 35 | അറുകാലിക്കൽ പഞ്ചായത്ത് സ്റ്റേഡിയം ഗേറ്റ് നിർമ്മാണം - നിർദ്ദിഷ്ട കവാടത്തിൽ നിന്നും മാറ്റി ചെയ്യാൻ കരാറുകാരൻ ശ്രമം നടത്തി | 1-35 |
| 36 | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 1-36 |
| 37 | കൈതപ്പറമ്പ് മിനി സ്റ്റേഡിയം - ബാറ്റ്മിന്റൺ കോർട്ട്, വോളീബാൾ | 1-37 |

| | | |
|---|---|---|
| | കോർട്ട്, ഷട്ടിൽ കോർട്ട് നിർമ്മാണം - പദ്ധതി യാഥാർത്ഥ്യമായില്ല | |
| 38 | തെരുവ് വിളക്ക് മെയിന്റനൻസ്- സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 1-38 |
| 39 | തെരുവ് വിളക്കിന് ഉപകരണങ്ങൾ വാങ്ങൽ- വിനിയോഗ രേഖകളില്ല | 1-39 |
| 40 | പൊതുടാപ്പുകളുടെ വെള്ളക്കരം-പ്രതി വർഷ ബാധ്യത 23.88 ലക്ഷം രൂപ | 1-40 |
| 41 | വിനിയോഗത്തിലെ കുറവ് മൂലം പഞ്ചായത്തിന് നഷ്ടപ്പെട്ടത് 62.42 ലക്ഷം രൂപ | 1-41 |
| 42 | അഡ്വക്കേറ്റ് ഫീസ് ഇനത്തിൽ അധികം തുക നൽകി | 1-42 |
| 43 | അഡ്വക്കേറ്റ് ഫീസ് നൽകിയതിൽ ഇരട്ടിപ്പ് | 1-43 |
| 44 | ഒ.ഡി.എഫ്.-തനത് ഫണ്ടിൽ നിഷ്ക്രീയമായി ശേഷിക്കുന്നത് 41.76ലക്ഷം രൂപ | 1-44 |
| 45 | പഞ്ചായത്തിന് ലഭിക്കുന്ന പരാതികളിൻമേൽ ഫലപ്രദമായ തുടർനടപടികളില്ല | 1-45 |
| 46 | വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കിയിട്ടും ബില്ലിൽ കുറവ് ചെയ്തിട്ടില്ല | 1-46 |
| 47 | പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 1-47 |
| 48 | ചെലവിനാധാരമായ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല | 1-48 |
| | ഭാഗം 2 | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 49 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 50 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 51 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 52 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 53 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 54 | സ്ഥിര നിക്ഷേപം | 4-6 |
| 55 | ഓഡിറ്റ് റിക്കവറി | 4-7 |
| 56 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 57 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 58 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 59 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19-ലെ ബജറ്റ് 23-03-2018 തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 26-02-2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2019 | 11-06-2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20755622 |
| വരവ് | 120599590 |
| ആകെ | 141355212 |
| ചെലവ് | 98003388 |
| നീക്കിയിരിപ്പ് | 43351824 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 19440956 | 19440956 | 16827440 | 2613516 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 12348000 | 12348000 | 9406746 | 2941254 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 180000 | 180000 | | 180000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 13285000 | 13285000 | 13285000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4354000 | 4354000 | 3846417 | 507583 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 11148293 | 11148293 | 9055000 | 2093293 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | | | | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 63873000 | 63873000 | 63873000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11203 | 1283215 | 1294418 | 1268281 | 26137 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | 191280 | 191280 | 191280 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 3976129 | 3976129 | 1563623 | 2412506 |
| | ജില്ലാ പഞ്ചായത്ത് | 2587576 | 6694301 | 9281877 | 7137799 | 2144078 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | തൊഴിൽ രഹിത വേതനം | | 161280 | 161280 | 161280 | 0 |
| | വിവാഹ ധനസഹായം | | 30000 | 30000 | 30000 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 13238736 | 13238736 | 7839740 | 5398996 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 20105807 | 30526765 | 50632572 | 24268971 | 26363601 |
| | ട്രഷറി അക്കൗണ്ട് | 536631 | 22181627 | 21644996 | 11111355 | 10533643 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 132206728 | 143 | 76160772 | 9 | 66 | 65.59 |

<u>പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം</u>

1. സർക്കാർ നിർദ്ദേശം അനുസരിച്ച് നാളിതുവരെ ഗ്രാമപഞ്ചായത്ത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ജി.പി.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യക്തമായ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി റോഡുകളുടെ അളവുകളും കണക്ടിവിറ്റിയും പുനർ നിർണ്ണയം ചെയ്യുന്നതിനുള്ള പദ്ധതി വർക്കിംഗ് ഗ്രൂപ്പ് തൻവർഷവും തയ്യാറാക്കിയിട്ടില്ല.
2. പതിമൂന്നാം പദ്ധതി കാലയളവിൽ സ്ട്രീറ്റ് ലൈനില്ലാത്ത പ്രധാനപ്പെട്ട റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും വൈദ്യുതിവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കും പദ്ധതികൾ ആവിഷ്കരിച്ചത് ഒഴിച്ചാൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ഒന്നും തന്നെ പതിമൂന്നാം പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടില്ല.
3. ഏറ്റെടുത്തു നടപ്പാക്കിയ റോഡ് പ്രവൃത്തികൾ എല്ലാം തന്നെ വാർഡ് അടിസ്ഥാനത്തിലുള്ളതാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയ്യാറാക്കുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള വികസനം എന്ന സങ്കുചിത കാഴ്ച്ചപ്പാടിൽ നിന്നും മാറി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ രണ്ടോ മൂന്നോ വാർഡുകളിൽ ഉൾപ്പടുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പദ്ധതികൾ തയ്യാറാക്കുന്നതിന് അസി.എഞ്ചിനിയർ കൺവീനറായുള്ള പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
4. റോഡ് പ്രവൃത്തികൾക്ക് തൻ വർഷം എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള റോഡ് വികസനം സാധ്യമാകത്തക്ക തരത്തിൽ എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.
5. മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ഒന്നിലും തന്നെ പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ മോണിട്ടറിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11203 | 1283215 | 1294418 | 1268281 | 26137 |
| ഗുണഭോക്താക്കൾക്ക് | | 63873000 | 63873000 | 63873000 | |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 161280 | 91 |
| കർഷകതൊഴിലാളി പെൻഷൻ | 3208800 | 257 |
| വിധവാ പെൻഷൻ | 14295000 | 1225 |
| വാർദ്ധക്യകാല പെൻഷൻ | 37645100 | 2973 |
| വികലാംഗ പെൻഷൻ | 5383800 | 431 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 748400 | 64 |
| വിവാഹ ധന സഹായം | 30000 | 1 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-10-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 68210 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. പൊതു ആഭ്യന്തര നിയന്ത്രണം തൃപ്തികരമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതി സ്വീകരിച്ചിട്ടുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ നടപടികളുമായി പഞ്ചായത്ത് മുന്നോട്ട് പോകുകയാണ്. രേഖകളും, രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ജീവനക്കാരിൽതന്നെ നിക്ഷിപ്തമാവാതെ ചുമതലകൾ വേർതിരിച്ച് സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും, പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ടു നീങ്ങുന്നു. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30-08-2019 | ജൂലൈ 2019 | 30-08-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-08-2018 | 2013-2017 | 23-10-2018 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

<u>ഷെഡ്യൂൾ ബി-4</u>

- 320100121 എന്ന ഹെഡ്ഡിൽ 435209രൂപ നിലവിൽ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ എ.സി.ആർ പ്രകാരം നീക്കിയിരിപ്പ് ഇല്ല.

- 320200305, 320300199എന്നീ ഹെഡ്ഡുകളിലെ തുകയ്ക്ക് പ്രത്യേക അക്കൗണ്ടും എ.സി.ആറും സൂക്ഷിച്ചിട്ടില്ല. അതിനാൽ ഇവയിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
- ഒ.ഡി.എഫ് പ്രോജക്ടിനായി നൽകിയ 4176000രൂപ തിരികെ ലഭിച്ചത് തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിന് പ്രത്യേക എ.സി.ആർ ഇല്ല.
- ജോയിന്റ് വെൻചർ അക്കൌണ്ടിലെ നീക്കിയിരിപ്പ് തുക ട്രഷറി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

<u>ഷെഡ്യൂൾ ഐ1 & ആർ.പി.43</u>

- വസ്തുനികുതി ഡിമാന്റ്, വരവ്, നീക്കിയിരിപ്പ് തുകകൾ സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

# 1-12 വസ്തുനികുതി പിരിവിൽ വ്യാപക ക്രമക്കേടുകൾ - പഞ്ചായത്തുഫണ്ടിനു ലക്ഷങ്ങൾ നഷ്ടമായി

<u>വസ്തുനികുതി പിരിവിൽ വ്യാപക ക്രമക്കേടുകൾ - പഞ്ചായത്തുഫണ്ടിനു ലക്ഷങ്ങൾ നഷ്ടമായി</u>

വസ്തുനികുതി പിരിക്കുന്നതിലും സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി വിവരം രേഖപ്പെടുത്തുന്നതിലും വ്യാപകമായി ക്രമക്കേടുകൾ നടത്തിയതുമൂലം നികുതി ഇനത്തിൽ ലക്ഷക്കണക്കിനു രൂപ പഞ്ചായത്തിനു നഷ്ടമായിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. യഥാർത്ഥത്തിൽ നികുതി അടയ്ക്കാത്ത കെട്ടിടങ്ങളുടെ നികുതി അടച്ചതായി രേഖപ്പെടുത്തിയതാണ് ഇത്തരത്തിൽ നികുതി നഷ്ടമാകാൻ കാരണം. നികുതി പിരിവിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും, മേൽനോട്ടച്ചുമതലയുള്ള സെക്രട്ടറി ഉൾപ്പെടെയുള്ള മേലുദ്യോഗസ്ഥരും ഇതിന് ഉത്തരവാദികളാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും രസീത് ബുക്കുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

*<u>എ) ഇല്ലാത്ത രസീത് നമ്പർ ഉപയോഗിച്ച് നികുതി പിരിച്ചതായി വ്യാജരേഖയുണ്ടാക്കി</u>*

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പോസ്റ്റിംഗ്പരിശോധിച്ചതിൽ, ഗ്രാമപ്പഞ്ചായത്തിൽ നിലവിലില്ലാത്ത രസീത്ബുക്കുകളിലെ രസീത് നമ്പരുകൾ ഉപയോഗിച്ച് വസ്തുനികുതി പോസ്റ്റ് ചെയ്തതായി കണ്ടെത്തി. നിലവിൽ വസ്തുനികുതി കുടിശ്ശികയുള്ളവരുടെ നികുതിയാണ് ഇപ്രകാരം തെറ്റായും വ്യാജരേഖ ചമച്ചും വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. 2013-14സാമ്പത്തികവർഷം മുതലുള്ള രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഈ രസീത്ബുക്കുകൾ പഞ്ചായത്തിന്റെ സ്റ്റോക്കിൽ ഉൾപ്പെട്ടിട്ടുള്ളവയല്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | രസീത്ബുക്ക് നമ്പർ/ രസീത് നമ്പർ | പോസ്റ്റ് ചെയ്ത തീയതി | പോസ്റ്റ് ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | 20 | 376 | ഗീവർഗ്ഗീസ് | 15036/ 89 | 31/3/2018 | 10000 |
| 2 | 18 | 506 | ജെയിംസ് | 17524/1 | 1/4/2018 | 2709 |
| 3 | 14 | 423 | രാജമ്മ | 4803/1 | 1/4/2018 | 1816 |
| 4 | 20 | 782 | ഷാജി | 15032/ 25 | 1/4/2018 | 2016 |
| 5 | 12 | 143 | തങ്കച്ചൻ | 1509/83 | 1/4/2019 | 198 |
| 6 | 18 | 410 | ചന്ദ്രൻ ഉണ്ണിത്താൻ | 15249/ 89 | 1/4/2019 | 131 |
| 7 | 4 | 56 | ശാമുവേൽ | 15769/ 23 | 1/4/2018 | 206 |
| 8 | 5 | 373 | നസീർ | 15781/ 89 | 1/4/2018 | 406 |
| 9 | 18 | 203 | ശ്യാംകുമാർ | 17524/ 29 | 1/4/2019 | 324 |
| 10 | 20 | 738 | തോമസ് | 17509/ 89 | 1/4/2019 | 755 |
| 11 | 3 | 588 | ബേബി | 17524/ 36 | 1/4/2018 | 277 |
| 12 | 12 | 388 | ഗ്രേസി | 17524/ 45 | 1/4/2018 | 344 |
| 13 | 17 | 421 | രാജൻ | 17524/ 46 | 1/4/2019 | 5460 |
| 14 | 18 | 448 | സച്ചിദാനന്ദൻ | 17524/49 | 1/4/2018 | 618 |

| | | | | | | |
|---|---|---|---|---|---|---|
| 15 | 12 | 386 | ഗ്രേസി | 17524/52 | 1/4/2018 | 366 |
| 16 | 8 | 3 | യോഹന്നാൻ | 17524/63 | 1/4/2018 | 726 |
| 17 | 18 | 446 | സച്ചിദാനന്ദൻ | 17524/64 | 1/4/2018 | 583 |
| 18 | 18 | 528 | സച്ചിദാനന്ദൻ | 17524/85 | 1/4/2018 | 3193 |
| 19 | 3 | 590 | ബേബികുട്ടി | 17524/89 | 1/4/2018 | 2016 |
| 20 | 7 | 528 | വർഗ്ഗീസ് | 17524/89 | 1/4/2018 | 990 |
| 21 | 12 | 387 | ഗ്രേസി | 17524/89 | 1/4/2018 | 688 |
| 22 | 18 | 473 | ജിൻസ് | 17524/89 | 1/4/2018 | 1192 |
| 23 | 1 | 114 | മത്തായി | 17524/96 | 1/4/2018 | 271 |
| 24 | 16 | 37 | ലീലാമ്മ | 17524/96 | 1/4/2018 | 1147 |
| 25 | 18 | 488 | മോനി | 17524/96 | 1/4/2018 | 699 |
| 26 | 13 | 292 | സജിത | 70529/78 | 1/4/2018 | 5106 |
| 27 | 5 | 175 | റോയി | 41682/47 | 11/4/2018 | 4393 |
| 28 | 12 | 637 | ഷജി | 2810/55 | 24/5/2018 | 1898 |
| 29 | 20 | 38 | സാധുജനപരിപാലനയോഗം | 5869/34 | 11/10/2018 | 7398 |
| 30 | 20 | 40 | സാധുജനപരിപാലനയോഗം | 5869/35 | 12/11/2018 | 3115 |
| 31 | 6 | 148 | മത്തായി | 5863/38 | 3/10/2018 | 376 |
| 32 | 19 | 121 | വിജയൻ | 3584/35 | 18/12/2018 | 1242 |
| 33 | 4 | 63 | ജാനകി | 25763/89 | 4/12/2018 | 2671 |
| 34 | 15 | 382 | ജിജി | 5860/43 | 7/1/2019 | 4256 |
| 35 | 19 | 464 | ഉഷ | 5864/84 | 8/1/2019 | 1146 |
| 36 | 6 | 555 | | 5689/58 | 8/1/2019 | 1106 |
| 37 | 16 | 658 | രവീന്ദ്രൻ | 1/11 | 5/11/2018 | 1061 |
| | | | **ആകെ** | | | **70899** |

മേൽ പറഞ്ഞ രസീത്ബുക്കുകൾ, ഇവയുടെ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ, ഈ ദിവസങ്ങളിലെ ഡേബുക്ക് എന്നിവ ഓഡിറ്റിൽ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി(എൻക്വയറി 11/19 തീയതി 23/10/2019) നൽകിയിരുന്നവെങ്കിലും ടി രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച ഉദാഹരണങ്ങളിൽ നിന്നുമാത്രം പഞ്ചായത്ത് ഫണ്ടിന് ഉണ്ടായ നഷ്ടം 70899 രൂപയാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ തെറ്റായി പോസ്റ്റ് ചെയ്ത രസീതുകൾ ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. മേൽ പറഞ്ഞ രീതിയിൽ നടത്തിയ മുഴുവൻ പോസ്റ്റിംഗുകളും കണ്ടെത്തി അവ ക്യാൻസൽ ചെയ്യേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ മുഴുവൻ തുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും, ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

_ബി) ഒരിക്കൽ ഉപയോഗിച്ച രസീത് നമ്പർ വീണ്ടും ഉപയോഗിച്ച് സഞ്ചയയിൽ പോസ്റ്റിംഗ് നടത്തി_

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പിരിവ് പോസ്റ്റ് ചെയ്തത് പരിശോധിച്ചതിൽ താഴെ പറയുന്ന രസീതുബുക്കുകളിലെ ഒരേ നമ്പർ രസീതുകൾ ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ പോസ്റ്റ് ചെയ്തതായി കാണുന്നു.

| ക്രമ നമ്പർ | രസീത്ബുക്ക് നമ്പർ | രസീത് നമ്പർ | പോസ്റ്റ് ചെയ്ത തീയതി | വാർഡ് നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | പോസ്റ്റ് ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | 17529 | 89 | 1/4/2018 | 7 | 7 | തോമസ് | 24 |
| 2 | 17529 | 89 | 1/4/2018 | 7 | 9 | തോമസ് | 70 |
| 3 | 17529 | 89 | 5/12/2017 | 8 | 286 | ജോസഫ് | 5910 |
| 4 | 17529 | 89 | 1/4/2018 | 18 | 408 | ചന്ദ്രൻ ഉണ്ണിത്താൻ | 1134 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 17529 | 89 | 1/4/2018 | 18 | 455 | വിക്രമൻ പിള്ള | 1091 |
| 6 | 17529 | 89 | 1/4/2018 | 18 | 529 | ചന്ദ്രൻ ഉണ്ണിത്താൻ | 455 |
| 7 | 17529 | 89 | 1/4/2018 | 19 | 377 | തോമസ് | 4231 |
| 8 | 17529 | 89 | 1/4/2018 | 20 | 737 | തോമസ് | 755 |
| 9 | 17529 | 56 | 5/12/2017 | 8 | 32 | നിബിൻ | 3635 |
| 10 | 17529 | 56 | 1/4/2018 | 18 | 408 | ചന്ദ്രൻ ഉണ്ണിത്താൻ | 2041 |
| 11 | 17529 | 56 | 1/4/2018 | 20 | 319 | എൻ.എൻ.എസ്.കരയോഗം | 15680 |
| 12 | 17529 | 56 | 1/4/2018 | 20 | 865 | കെ.ഗോപി | 11360 |
| 13 | 17601 | 11 | 12/11/2017 | 4 | 191 | വാസുദേവൻ ആചാരി | 86 |
| 14 | 17601 | 11 | 18/4/2018 | 2 | 545 | ജാനകി | 1885 |
| 15 | 17601 | 18 | 12/12/2017 | 4 | 88 | ജോസഫ് കുട്ടി | 19 |
| 16 | 17601 | 18 | 10/4/2018 | 6 | 237 | ഉണ്ണികൃഷ്ണൻ | 3269 |
| 17 | 17601 | 7 | 12/12/2017 | 4 | 261 | ചന്ദ്രൻ | 72 |
| 18 | 17601 | 7 | 2/4/2018 | 5 | 625 | റെജീന | 1855 |
| 19 | 17601 | 7 | 2/4/2018 | 6 | 554 | വർഗ്ഗീസ് | 140 |
| 20 | 38782 | 22 | 1/4/2018 | 8 | 644 | ശാമുവേൽ | 5352 |
| 21 | 38782 | 22 | 12/01/2015 | 11 | 532 | മാത്യു | 2608 |
| 22 | 38782 | 20 | 12/1/2015 | 8 | 600 | മാത്യു | 770 |
| 23 | 38782 | 20 | 1/4/2018 | 8 | 642 | ശാമുവേൽ | 4166 |
| 24 | 38782 | 20 | 12/1/2015 | 8 | 643 | ശാമുവേൽ | 1340 |
| 25 | 9819 | 96 | 16/1/2019 | 4 | 153 | രാജപ്പൻ | 230 |
| 26 | 9819 | 96 | 16/1/2019 | 1 | 217 | ജയരാജ് | 122 |
| 27 | 9814 | 96 | 19/1/2019 | 8 | 191 | വിശ്വനാഥൻ പിള്ള | 2532 |
| 28 | 9814 | 96 | 19/1/2019 | 8 | 191 | വിശ്വനാഥൻ പിള്ള | 2532 |
| 29 | 17601 | 5 | 12/12/2018 | 4 | 276 | മോഹനൻ | 170 |
| 30 | 17601 | 5 | 11/9/2018 | 6 | 147 | ആലീസ് | 450 |
| 31 | 17601 | 26 | 12/12/2018 | 4 | 268 | പൊടിയൻ | 95 |
| 32 | 17601 | 26 | 9/4/2018 | 5 | 93 | മുഹമ്മദ് | 161 |
| 33 | 38782 | 59 | 1/4/2018 | 11 | 4 | ഓമന | 276 |
| 34 | 38782 | 59 | 12/1/15 | 20 | 88 | ഉഷ | 75 |
| 35 | 9820 | 5 | 11/1/2019 | 12 | 626 | വിശ്വൻ | 132 |
| 36 | 9820 | 5 | 11/1/2019 | 12 | 626 | വിശ്വൻ | 132 |
| 37 | 9820 | 89 | 14/1/2019 | 11 | 434 | പൊന്നമ്മ | 213 |
| 38 | 9820 | 89 | 20/1/2019 | 16 | 517 | ഗോപി | 15 |
| 39 | 9820 | 89 | 14/1/2019 | 18 | 477 | രാജ് തോമസ് | 480 |
| 40 | 9814 | 61 | 1/1/2019 | 6 | 283 | ഷാജി | 461 |
| 41 | 9814 | 61 | 1/1/2019 | 6 | 283 | ഷാജി | 455 |

| | | | | | | | |
|---|---|---|---|---|---|---|---|
| 42 | 9814 | 56 | 16/1/2019 | 8 | 601 | രാജമ്മ | 332 |
| 43 | 9814 | 56 | 1//4/2019 | 12 | 844 | പാപ്പച്ചൻ | 1022 |
| 44 | 9814 | 56 | 18/12/2018 | 16 | 582 | പങ്കജാക്ഷൻ | 10 |
| 45 | 9814 | 93 | 17/1/2019 | 8 | 192 | വിശ്വനാഥൻ | 3306 |
| 46 | 9814 | 93 | 17/1/2019 | 8 | 602 | രാജമ്മ | 250 |
| 47 | 9814 | 95 | 17/1/2019 | 8 | 191 | വിശ്വനാഥൻ | 2532 |
| 48 | 9814 | 95 | 17/1/2019 | 8 | 191 | വിശ്വനാഥൻ | 2532 |
| 49 | 25730 | 89 | 5/3/2019 | 7 | 270 | ജോസ് | 1218 |
| 50 | 25730 | 89 | 19/3/2019 | 7 | 602 | ഓമന | 168 |
| 51 | 25730 | 89 | 26/3/2019 | 8 | 331 | സത്യഭാമ | 192 |
| 52 | 9818 | 92 | 6/12/2018 | 19 | 256 | രാധാമണി | 348 |
| 53 | 9818 | 92 | 6/12/2018 | 19 | 256 | രാധാമണി | 1110 |
| 54 | 9824 | 55 | 24/1/2019 | 11 | 235 | മധു | 1362 |
| 55 | 9824 | 55 | 31/1/2019 | 18 | 61 | മുരളീധരൻ | 272 |
| | | | | | | **ആകെ** | **91133** |

ഇവയിൽ ക്രമ നം 3,9,13,15,17,21,26,29,31,34,38,41,44,47,51,52,55,എന്നിവയാണ് യഥാർത്ഥത്തിൽ വസ്തുനികുതി പിരിവിനുപയോഗിച്ച രസീതുകൾ. ഇവ ഒഴികെയുള്ള ക്രമ നമ്പരുകളിൽ നടത്തിയ പോസ്റ്റിംഗുകൾ വ്യാജമാണ്. മേൽ സൂചിപ്പിച്ച ഉദാഹരണങ്ങളിൽ നിന്നുമാത്രം പഞ്ചായത്ത് ഫണ്ടിന് ഉണ്ടായ നഷ്ടം 73747രൂപയാണ്.ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള(എൻക്വയറി 12/19 തീയതി 23/10/2019) മറുപടിയിൽ തെറ്റായി പോസ്റ്റ് ചെയ്ത രസീതുകൾ ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.മേൽ പറഞ്ഞ രീതിയിൽ നടത്തിയ മുഴുവൻ പോസ്റ്റിംഗുകളും കണ്ടെത്തി അവ ക്യാൻസൽ ചെയ്യുകയും, പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ മുഴുവൻ തുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും, കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

*സി) ലൈസൻസ് ഫീയും തൊഴിൽനികുതിയും പിരിക്കാനുപയോഗിച്ച രസീതുകൾ വസ്തുനികുതി പോസ്റ്റിംഗിന് ഉപയോഗിച്ചു.*

വസ്തുനികുതി പിരിവിന് ഉപയോഗിച്ചതായി സഞ്ചയയിൽ പോസ്റ്റ് ചെയ്തിട്ടുള്ള ചുവടെ പറയുന്ന രസീതുകൾ യഥാർത്ഥത്തിൽ ലൈസൻസ് ഫീ, തൊഴിൽനികുതി എന്നിവ പിരിക്കുന്നതിന് ഉപയോഗിച്ചവയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| യഥാർത്ഥത്തിൽ പിരിച്ച തുക | | | | | വ്യാജമായി പോസ്റ്റ് ചെയ്തത് | | | | |
|---|---|---|---|---|---|---|---|---|---|
| ക്രമ നം. | രസീത് ബുക്ക് നമ്പർ/ രസീത് നമ്പർ | ലൈസൻസ് ഫീസ് പിരിച്ച തീയതി | സ്ഥാപന ഉടമയുടെ പേര് | ഈടാക്കിയ ലൈസൻസ് ഫീ/ തൊഴിൽ നികുതി | വാർഡ് നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | സഞ്ചയയിൽ പോസ്റ്റ് ചെയ്ത തീയതി | പോസ്റ്റ് ചെയ്ത തുക |
| 1 | 9814/9 | 6/8/2018 | സജി രാജു | 1450 | 6 | 900 | ഷംസുദീൻ | 6/8/2018 | 3477 |
| 2 | 9814/10 | 6/8/2018 | പ്രകാശ് | 1100 | 6 | 900 | ഷംസുദീൻ | 6/8/2018 | 132 |
| 3 | 9814/11 | 6/8/2018 | പാർവ്വതി | 700 | 12 | 20 | അനിഷ | 12/7/2018 | 69 |
| 4 | 9814/12 | 6/8/2018 | നീമ ബെനിഫിറ്റ് | 1250 | 12 | 929 | മുഹമ്മദ് | 13/7/2018 | 616 |
| 5 | 9814/13 | 6/8/2018 | നീമ ബെനിഫിറ്റ് | 1050 | 12 | 929 | മുഹമ്മദ് | 13/7/2018 | 292 |
| 6 | 9814/14 | 6/8/2018 | ശശിധരക്കുറുപ്പ് | 1450 | 9 | 666 | കുഞ്ഞുമോൻ | 26/7/2018 | 381 |
| 7 | 9814/15 | 6/8/2018 | ജോസഫ് | 700 | 13 | 542 | സാബു | 25/7/2018 | 179 |
| 8 | 9814/16 | 6/8/2018 | ജോൺസൺ | 800 | 13 | 456 | ഷാജിജോൺ | 28/7/2018 | 367 |
| 9 | 9814/17 | 6/8/2018 | സേതുമാധവൻ | 700 | 9 | 562 | തോമസ് | 8/8/2018 | 70 |
| | | | | | | | **ആകെ** | | **5583** |

മേൽപ്പറഞ്ഞ തരത്തിൽ പോസ്റ്റിംഗ് നടത്തിയതിൽ നിന്നും മാത്രം പഞ്ചായത്ത് ഫണ്ടിന് 5583രൂപയുടെ നഷ്ടമുണ്ടായി.ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (എൻക്വയറി 13/19 തീയതി 23/10/2019) മറുപടിയിൽ തെറ്റായി പോസ്റ്റ് ചെയ്ത രസീതുകൾ ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.മേൽ പറഞ്ഞ രീതിയിൽ നടത്തിയ മുഴുവൻ പോസ്റ്റിംഗുകളും കണ്ടെത്തി അവ ക്യാൻസൽ ചെയ്യേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ മുഴുവൻ തുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും വ്യാജരേഖകൾ ഉപയോഗിച്ച് രേഖകളിൽ കൃത്രിമം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

*<u>ഡി) ഒരു രസീത് ഒരേ ദിവസം രണ്ടുതവണ പോസ്റ്റ് ചെയ്തു - 2019-20 ലേക്കുള്ള നികുതി നഷ്ടമായി</u>*

ഓഫീസ് അറ്റൻഡന്റായ ശ്രീ.ഹരി.എൽ.വിയുടെ പേരിൽ അനുവദിച്ച മാന്വവൽ രസീത് ബുക്കിന്റെ (ബുക്ക് നം 25734) ഒരേ നമ്പർ രസീതുകൾ പ്രകാരം ഒന്നിലധികം പ്രാവശ്യം ഒരേ കെട്ടിടങ്ങളുടെ വസ്തു നികുതി സഞ്ചയയിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്.. ഇപ്രകാരം ഇരട്ടിപ്പ് വന്നതിനാൽ അധികം തുക അടച്ചതായി കണക്കാക്കി അടുത്ത സാമ്പത്തിക വർഷത്തെ നികുതിയായി ക്രമീകരിക്കപ്പെടുകയാണുണ്ടായിട്ടുള്ളത്. ഇക്കാരണത്താൽ 2019-20സാമ്പത്തിക വർഷം ലഭിക്കേണ്ട നികുതി നഷ്ടമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത്ബുക്ക് നമ്പർ | പോസ്റ്റ് ചെയ്ത തീയതി | വാർഡ് നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | മാന്വൽ രസീതുകൾ ഉപയോഗിച്ച് പിരിച്ച് സാംഖ്യ രസീതുകൾ പ്രകാരം അടവാക്കിയ തുക | പോസ്റ്റ് ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | 25734/18 | 14/3/2019 | 9 | 338 | അനിൽ | 682 | 1364 |
| 2 | 25734/19 | 14/3/2019 | 9 | 339 | അനിൽ | 682 | 1364 |
| 3 | 25734/20 | 14/3/2019 | 8 | 221 | ജോസഫ് | 59 | 118 |
| 4 | 25734/21 | 14/3/2019 | 7 | 42 | ശാമുവേൽ കുട്ടി | 192 | 384 |
| 5 | 25734/22 | 14/3/2019 | 14 | 300 | സുരേഷ് ബാബു | 570 | 1140 |
| 6 | 25734/23 | 14/3/2019 | 9 | 225 | ശിവദാസൻ | 24 | 48 |
| 7 | 25734/25 | 14/3/2019 | 9 | 612 | വർഗ്ഗീസ് | 15 | 30 |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | 25734/26 | 14/3/2019 | 9 | 184 | ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ | 274 | 548 |
| ~~9~~ | ~~25734/27~~ | ~~16/3/2019~~ | ~~9~~ | ~~193~~ | സജികുമാർ | ~~880~~ | ~~1760~~ |
| 10 | 25734/28 | 16/3/2019 | 12 | 322 | ജോൺകോശി | 1360 | 2720 |
| 11 | 25734/29 | 16/3/2019 | 12 | 325 | ജോൺകോശി | 682 | 1364 |
| 12 | 25734/30 | 19/3/2019 | 9 | 248 | മാധവൻ ഉണ്ണിത്താൻ | 70 | 140 |
| 13 | 25734/31 | 19/3/2019 | 9 | 247 | ഹരിസുദൻ | 275 | 550 |
| 14 | 25734/32 | 19/3/2019 | 9 | 251 | സാംകുട്ടി | 278 | 556 |
| 15 | 25734/33 | 19/3/2019 | 9 | 609 | തോമസ് | 547 | 1094 |
| | | | | | **ആകെ** | **6590** | **13180** |

മേൽപ്പറഞ്ഞ തരത്തിൽ പോസ്റ്റിംഗ് നടത്തിയതിൽ നിന്നും മാത്രം പഞ്ചായത്ത് ഫണ്ടിന് **6590** രൂപയുടെ നഷ്ടമുണ്ടായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി14/2019 തീയതി 23/10/2019)സെക്രട്ടറിമറുപടി ലഭ്യമാക്കിയിട്ടില്ല. ഓഫീസ് അറ്റൻഡന്റിന് മാന്വൽ രസീത്ബുക്ക് അനുവദിച്ചത് തെറ്റായ നടപടിയാണ്.ഒരേ നമ്പർ രസീതുകൾ ഒന്നിലധികം പ്രാവശ്യം ഒരേ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ സഞ്ചയയിൽ പോസ്റ്റ് ചെയതത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ തുക സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

*<u>ഇ) മുൻ വർഷങ്ങളിലെ സാംഖ്യ രസീതുകളുടെ നമ്പർ ഉപയോഗിച്ച് വ്യാജമായി നികുതി പോസ്റ്റിംഗ് നടത്തി</u>*

മുൻ വർഷങ്ങളിലെ സാംഖ്യ രസീതുകളുടെ നമ്പർ ഉപയോഗിച്ച് കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ PDE(past data entry) ആയി പോസ്റ്റിംഗ് നടത്തി. അടയ്ക്കാത്ത നികുതി അടച്ചതായി പോസ്റ്റ് ചെയ്തുവഴി നികുതി നഷ്ടമുണ്ടായി. ഏതാനും എൻട്രികൾ പരിശോധിച്ചതിൽമാത്രം 15035രൂപയുടെ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| യഥാർത്ഥത്തിൽ പിരിച്ചത് | | | | | വ്യാജമായി സഞ്ചയായിൽ പോസ്റ്റ് ചെയ്തത് | | | | |
|---|---|---|---|---|---|---|---|---|---|
| ക്രമ നം | സാംഖ്യ രസീത് നമ്പർ/ തീയതി | കെട്ടിട ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | തുക | സഞ്ചയയിൽ പോസ്റ്റ് ചെയ്ത തീയതി | വാർഡ്/ കെട്ടിട നമ്പർ | സാംഖ്യ രസീത് നമ്പർ | കെട്ടിട ഉടമയുടെ പേര് | പോസ്റ്റ് ചെയ്ത തുക |
| 1 | 117040102480-9/8/2017 | സാം മാത്യു | 11/48 | 892 | 04/08/2018 | 4/18 | 117040102480 | ജോൺ | 3406 |
| 2 | 11604107133-25/3/2016 | വിഭനേന്ദ്രൻ | 2/527 | 920 | 25/05/2018 | 2/527 | 11604107133 | വിഭനേന്ദ്രൻ | 3680 |
| 3 | 11604107407-31/3/2017 | അജികുമാർ | 9/395 | 3845 | 30/4/2018 | 9/395 | 11604107407 | അജികുമാർ | 2957 |
| 4 | 118040104555/27.11.2018 | ഷാജൻ ഡി | 18/523 | 4986 | 27.11.2018 | 15/405 | 118040104555/27.11.2018 | ഷാജൻ ഡി | 4992 |
| | | | **ആകെ** | | | | | | **15035** |

ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി 15/19 തീയതി 23/10/2019) മറുപടിയിൽ തെറ്റായി പോസ്റ്റ് ചെയ്ത രസീതുകൾ ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. മേൽ പറഞ്ഞ രീതിയിൽ നടത്തിയ മുഴുവൻ പോസ്റ്റിംഗുകളും കണ്ടെത്തി അവ ക്യാൻസൽ ചെയ്യേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ മുഴുവൻ തുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

*<u>എഫ്) ക്യാൻസൽ ചെയ്ത മാന്വൽ രസീതുകൾ ഉപയോഗിച്ച് വ്യാജമായി നികുതി പോസ്റ്റിംഗ് നടത്തി</u>*

2017-18 സാമ്പത്തിക വർഷം ഔട്ട് ഡോർ കളക്ഷനവേണ്ടി ഉപയോഗിച്ച 17909-ാം നമ്പർ രസീതുബുക്കിലെ 1മുതൽ 45വരെയുള്ള രസീതുകൾ പ്രസ്തുത സാമ്പത്തിക വർഷം ഉപയോഗിച്ചിരുന്നതും ബാക്കിയുള്ള രസീതുകൾ ഉപയോഗിക്കാൻ സാധിക്കാത്തവിധം നെടുകെ കീറി ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിരുന്നതുമാണ്. ഇങ്ങനെ ക്യാൻസൽ ചെയ്ത രണ്ട് രസീതുകളുടെ നമ്പർ ഉപയോഗിച്ച് രണ്ടു വ്യക്തികളുടെ നികുതി അടവാക്കിയതായി വ്യാജരേഖയുണ്ടാക്കി നികുതി പോസ്റ്റിംഗ് നടത്തുകവഴി പഞ്ചായത്ത് ഫണ്ടിന് 9914രൂപയുടെ നഷ്ടമുണ്ടായി.. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | രസീത്ബുക്ക് | രസീത് | വ്യാജമായി | വാർഡ് | കെട്ടിട | കെട്ടിട | പോസ്റ്റ് |
|---|---|---|---|---|---|---|---|

| നമ്പർ | നമ്പർ | നമ്പർ | നികുതി പോസ്റ്റ് ചെയ്ത തീയതി | നമ്പർ | നമ്പർ | ഉടമയുടെ പേര് | ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | 17909 | 88 | 1/4/2018 | 12 | 414 | മോഹൻകുമാർ | 9786 |
| 2 | 17909 | 56 | 1/4/2018 | 1 | 157 | അമ്മണി | 128 |
| | | | | | | **ആകെ** | **9914** |

ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി 18/19 തീയതി 23/10/2019) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ തെറ്റായി പോസ്റ്റ് ചെയ്ത രസീതുകൾ ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. മേൽ പറഞ്ഞ രീതിയിൽ നടത്തിയ മുഴുവൻ പോസ്റ്റിംഗുകളും കണ്ടെത്തി അവ ക്യാൻസൽ ചെയ്യേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ മുഴുവൻ തുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

മേൽ പരാമർശങ്ങൾ പ്രകാരം വസ്തുനികുതി പിരിവിൽ ബോധപൂർവ്വം ക്രമക്കേട് നടത്തിയിട്ടുണ്ട് എന്നത് വ്യക്തമാണ്. മേൽ പറഞ്ഞ ഓരോ വിഷയത്തിലും സമഗ്രമായ അന്വേഷണം നടത്തുന്നതിനും, ഈ രീതികളിൽ നടന്ന വ്യാജ പോസ്റ്റിംഗ് വഴി പഞ്ചായത്ത് ഫണ്ടിനുണ്ടായ മുഴുവൻ നഷ്ടവും കൃത്യമായി നിർണ്ണയിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുന്നതിനും ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-13 ഓഫീസ് അറ്റൻഡന്റിന് മാന്വവൽ രസീത് ബുക്ക് അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ഹരി.എൽ.വിയുടെ പേരിൽ 7/3/2019ൽ 25734 നമ്പർ മാന്വവൽ രസീത് ബുക്ക് അനുവദിക്കുകയും ആ രസീത് ബുക്കിലെ രസീത് ശ്രീ.ഹരി.എൽ.വി ഒപ്പിട്ട് നൽകി വിവിധ വ്യക്തികളിൽ നിന്നും വസ്തു നികുതി പിരിക്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റിന്റെ പേരിൽ രസീത് ബുക്കുകൾ അനുവദിക്കുന്നത് നിയമപ്രകാരമല്ല. ഓഫീസ് അറ്റൻഡന്റായ ശ്രീ.ഹരി.എൽ.വിയുടെ പേരിൽ അനുവദിച്ച മാന്വവൽ രസീത് ബുക്ക് 25734ന്റെ ഒരേ നമ്പർ രസീതുകൾ ഒന്നിലധികം പ്രാവശ്യം ഒരേ കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ(സഞ്ചയായിൽ) പോസ്റ്റ് ചെയ്തതായും ശ്രദ്ധയിൽപ്പെട്ടു. ഈ ഇനത്തിൽ പഞ്ചായത്തിന് 6590രൂപ നഷ്ടമുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത്ബുക്ക് നമ്പർ | പോസ്റ്റ് ചെയ്ത തീയതി | വാർഡ് നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | മാന്വൽ രസീതുകൾ ഉപയോഗിച്ച് പിരിച്ച് സാംഖ്യ രസീതുകൾ പ്രകാരം അടവാക്കിയ തുക | പോസ്റ്റ് ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | 25734/18 | 14/3/2019 | 9 | 338 | അനിൽ | 682 | 1364 |
| 2 | 25734/19 | 14/3/2019 | 9 | 339 | അനിൽ | 682 | 1364 |
| 3 | 25734/20 | 14/3/2019 | 8 | 221 | ജോസഫ് | 59 | 118 |
| 4 | 25734/21 | 14/3/2019 | 7 | 42 | ശാമുവേൽ കുട്ടി | 192 | 384 |
| 5 | 25734/22 | 14/3/2019 | 14 | 300 | സുരേഷ് ബാബു | 570 | 1140 |
| 6 | 25734/23 | 14/3/2019 | 9 | 225 | ശിവദാസൻ | 24 | 48 |
| 7 | 25734/25 | 14/3/2019 | 9 | 612 | വർഗ്ഗീസ് | 15 | 30 |
| 8 | 25734/26 | 14/3/2019 | 9 | 184 | ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ | 274 | 548 |
| 9 | 25734/27 | 16/3/2019 | 9 | 193 | സജികുമാർ | 880 | 1760 |
| 10 | 25734/28 | 16/3/2019 | 12 | 322 | ജോൺകോശി | 1360 | 2720 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | 25734/29 | 16/3/2019 | 12 | 325 | ജോൺകോശി | 682 | 1364 |
| 12 | 25734/30 | 19/3/2019 | 9 | 248 | മാധവൻ ഉണ്ണിത്താൻ | 70 | 140 |
| 13 | 25734/31 | 19/3/2019 | 9 | 247 | ഹരിസുദൻ | 275 | 550 |
| 14 | 25734/32 | 19/3/2019 | 9 | 251 | സാംകുട്ടി | 278 | 556 |
| 15 | 25734/33 | 19/3/2019 | 9 | 609 | തോമസ് | 547 | 1094 |
| 16 | 25734/33 | 19/3/2019 | 9 | 609 | തോമസ് | | |
| | | | | | **ആകെ** | **6590** | **13180** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി14/2019 തീയതി 23/10/2019) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 സഞ്ചയായിൽ കടമുറികളുടെ വിസ്തീർണ്ണം അനധികൃതമായി കുറച്ചു

വസ്തുനികുതി സംബന്ധിച്ച ഫയൽ പരിശോധിച്ച വേളയിൽ കടമുറികളുടെ വിസ്തീർണ്ണം അനധികൃതമായി സഞ്ചയായിൽ കുറച്ചതായി കണ്ടെത്തി വാർഡ് നമ്പർ 20ൽ ശ്രീ.അരുൺകുമാർ, നാരായണഭവനം, ഏഴംകുളം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വസ്തു നികുതി കംപ്ലീഷൻ റിപ്പോർട്ടിന്റേയും ഓവർസിയറുടെ സ്ഥലപരിശോധനയുടേയും അടിസ്ഥാനത്തിൽ 4/8/2017ന് നിർണ്ണയിച്ചിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | വിസ്തീർണം | അടിസ്ഥാന നികുതി | വർദ്ധനവ് | ഗ്രന്ഥശാല നികുതി | സേവനനികുതി | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | 20 | 873 | ശ്രീ.അരുൺ കുമാർ | 50.96 | 3567.6 | 713.44 | 215 | 1499 | 5995 |
| 2 | 20 | 874 | ശ്രീ.അരുൺ കുമാർ | 85.09 | 5956.3 | 1191 | 358 | 2502 | 10008 |
| | | | | | | | | **ആകെ** | **16003** |

ഇതുപ്രകാരം 874 -ാം നമ്പർ കടമുറിയുടെ 2017-18,2018-19 സാമ്പത്തികവർഷത്തെ വസ്തു നികുതിയായ 20767രൂപ 10/10/2018ൽ സാംഖ്യരസീത് 118040103805 ഉപയോഗിച്ച് കട ഉടമയായ ശ്രീ.അരുൺ കുമാർ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ 873 -ാം നമ്പർ കടമുറിയുടെ വസ്തു നികുതി നാളിതുവരെ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല.

ഈ കടമുറികളുടെ വിസ്തീർണ്ണത്തിൽ പിന്നീട് സഞ്ചയായിൽ മാറ്റം വരുത്തി. കെട്ടിടനമ്പർ 873ന്റെ വിസ്തീർണ്ണം 44ച.മിറ്ററും കെട്ടിടനമ്പർ 874 ന്റെ വിസ്തീർണ്ണം 44ച.മീറ്ററും എന്നിങ്ങനെയായി കുറച്ചു.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | വിസ്തീർണം | അടിസ്ഥാന നികുതി | ഇളവ് | ഗ്രന്ഥശാല നികുതി | സേവനനികുതി | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | 20 | 873 | ശ്രീ.അരുൺ കുമാർ | 44 ച.മി | 2000 | 220 | 99 | 693 | 2772 |
| 2 | 20 | 874 | ശ്രീ.അരുൺ കുമാർ | 44 ച.മി | 2000 | 220 | 99 | 693 | 2772 |
| | | | | | | | | **ആകെ** | **5544** |

ഇങ്ങനെ വിസ്തീർണം കുറച്ചതിന് ശേഷം 874-ാം നമ്പർ കടമുറിയുടെ വസ്തു നികുതിയായി 10/10/2018ൽ സാംഖ്യരസീത്- 118040103805 ഉപയോഗിച്ച് കട ഉടമയായ ശ്രീ.അരുൺ കുമാർ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയ 20767രൂപയിൽ 10008 രൂപ 873 -ാം നമ്പർ കടമുറിയുടെ വസ്തു നികുതിയായും 10008 രൂപ 874 -ാം നമ്പർ കടമുറിയുടെ വസ്തു നികുതിയായും പിരിച്ചതായി സഞ്ചയായിൽ മാറ്റം വരുത്തി പോസ്റ്റ് ചെയ്തു.

ഇത് സംബന്ധിച്ച നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി19) എൽ.എസ്.ജി.ഡി വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് തരുന്നമുറയ്ക്ക് നികുതി പുനർക്രമീകരിക്കുമെന്നാണ് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയത്. എൽ.എസ്.ജി.ഡി. ഓവർസിയർ 29.10.2019ൽ നടത്തിയ സ്ഥലപരിശോധനയുടെ റിപ്പോർട്ടിൽ മേൽ പറഞ്ഞ കടമുറികളുടെ ആകെ വിസ്തീർണ്ണം 134.87 ച.മീറ്ററാണെന്ന് വ്യക്തമായിട്ടുണ്ട്(താഴത്തെ നില114.85ച.മി,സ്റ്റെയർ ക്യാബിന് 20.02ച.മി). ഒരിക്കൽ കൃത്യമായി നികുതി നിർണയം നടത്തുകയും പിന്നീട് ആവശ്യമായ പരിശോധനകൾ നടത്താതെ കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ സഞ്ചയായിൽ കുറവ് വരുത്തിയതും മൂലം പഞ്ചായത്ത് ഫണ്ടിന് ഒരു സാമ്പത്തികവർഷം 10459 രൂപ നഷ്ടമുണ്ടാകുന്നു. ആയതുപ്രകാരം2017-18,2018-19 സാമ്പത്തികവർഷത്തിൽ ആകെ നഷ്ടം 20918 രൂപയാണ്. അടിയന്തിരമായി നികുതി പുനർക്രമീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും സെക്രട്ടറിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. വകുപ്പുതല അന്വേഷണത്തിനും ശുപാർശ ചെയ്യുന്നു.

## 1-15 വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു -ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9)വകുപ്പിൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 70/-രൂപയായും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (G6-4982/2011തീ:24.04.2012). വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള താഴെ പട്ടികയിൽ ചേർത്തിട്ടുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അവയ്ക്ക് ബാധകമായ നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്നമ്പർ | കെട്ടിടനമ്പർ | ഉടമയുടെ പേര് | തറ വിസ്തീർണ്ണം(ച.മീ) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി നിരക്ക് | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച.മീ) |
|---|---|---|---|---|---|---|
| 1 | 12 | 1042 | ഫിലിപ്പോസ് | 16.43 | 50 | 70 |
| 2 | 12 | 1043 | ഫിലിപ്പോസ് | 29.66 | 50 | |
| 3 | 12 | 1044 | ഫിലിപ്പോസ് | 11.31 | 50 | |
| 4 | 12 | 1045 | ഫിലിപ്പോസ് | 16.55 | 50 | |
| 5 | 12 | 1046 | ഫിലിപ്പോസ് | 19.66 | 50 | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 6 | 12 | 1047 | ഫിലിപ്പോസ് | 25.39 | 50 | |
| 7 | 12 | 1048 | ഫിലിപ്പോസ് | 25.39 | 50 | |
| 8 | 12 | 1049 | ഫിലിപ്പോസ് | 26.71 | 50 | |
| 9 | 12 | 1050 | ഫിലിപ്പോസ് | 28.69 | 50 | |
| 10 | 12 | 1051 | ഫിലിപ്പോസ് | 58.30 | 50 | |
| 11 | 15 | 653 | ചന്ദ്രശേഖരൻ നായർ | 61.96 | 50 | 70 |
| 12 | 15 | 654 | ചന്ദ്രശേഖരൻ നായർ | 82.5 | 50 | |
| 13 | 14 | 1135 | പി.എം മാത്യു | 35 | 50 | 70 |
| 14 | 14 | 1135 | പി.എം മാത്യു | 35 | 50 | |
| 15 | 16 | 712 | പി.എം യോഹന്നാൻ | 33 | 50 | 70 |
| 16 | 16 | 713 | പി.എം യോഹന്നാൻ | 33.23 | 50 | |
| 17 | 16 | 714 | പി.എം യോഹന്നാൻ | 33.23 | 50 | |
| 18 | 16 | 715 | പി.എം യോഹന്നാൻ | 33.23 | 50 | |
| 19 | 16 | 716 | പി.എം യോഹന്നാൻ | 33.23 | 50 | |
| 20 | 16 | 717 | പി.എം യോഹന്നാൻ | 33.23 | 50 | |
| 21 | 16 | 718 | പി.എം യോഹന്നാൻ | 33.23 | 50 | |

ടി നമ്പർ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതും നഷ്ടമായ തുക കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി നിർണ്ണയിക്കാത്ത നിരവധി മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചത് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിലവിൽ 3 മൊബൈൽ ടവറുകളുടെ വസ്തുനികുതി മാത്രമാണ് ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചതായി കാണുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | മൊബൈൽ കമ്പനിയുടെ പേര് | വർഡ് നമ്പർ | കെട്ടിടനമ്പർ |
|---|---|---|---|
| 1 | ഇൻഡസ് ടവർ | 1 | 529 |
| 2 | ഭാരതി എയർടെൽ | 17 | 728 |
| 3 | റിലയൻസ് | 20 | 857 |

എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഡിലീറ്റ് ചെയ്ത കെട്ടിടങ്ങളുടെ ലിസ്റ്റ് എടുക്കുമ്പോൾ നിരവധി മൊബൈൽ ടവറുകൾ 20/09/2017ൽ ഡിലീറ്റ് ചെയ്തതായി കാണുന്നു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | മൊബൈൽ കമ്പിനിയുടെ പേര് | വർഡ്നമ്പർ | കെട്ടിടനമ്പർ |
|---|---|---|---|
| 1 | ഭാരതി എയർടെൽ | 12(ഏനാത്ത്) | 993 |
| 2 | ഭാരതി എയർടെൽ | 12(ഏനാത്ത്) | 994 |
| 3 | റിലയൻസ് | 12(ഏനാത്ത്) | 992 |

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും മൊബൈൽ ടവറുകൾ ഡിലീറ്റ് ചെയ്തത് മൂലം ഏനാത്ത് ജംഗ്ഷൻ ഉൾപ്പെടുന്ന വാർഡുകളിൽ ടവറുകൾ പ്രവർത്തിക്കുന്നതിന്റെ രേഖകൾ പഞ്ചായത്തിലില്ല. എന്നാൽ പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ നിലവിൽ 3 മൊബൈൽ ടവറുകൾ ഏനാത്ത് ജംഗ്ഷനിൽ തന്നെ പ്രവർത്തിക്കുന്നതായി കണ്ടു. അതിൽ ഒരു മൊബൈൽ ടവറിന് 21.22ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതായും അതിന് അനുബന്ധമായി പ്രവർത്തിക്കുന്ന ജനറേറ്റർ റൂമുകൾക്ക് 28.50ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതായും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി. മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ഡിലീറ്റ് ചെയ്തതിനാൽ പഞ്ചായത്തിന് ലക്ഷങ്ങളുടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 118 പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ വാർത്തവിനിമയഗോപുരങ്ങളോ, വാർത്തവിനിമയ ത്തൂണുകളോ സ്ഥാപിക്കുവാൻ പാടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.10.14 ലെ സർക്കുലർ നം. 40395/ആർസി2/14ൽ നിർദ്ദേശിക്കും പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടില്ല. മൊബൈൽ ടവറുകളുടെ നികുതിനിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കുമ്പോൾ ബാറ്ററി മുറി, സെക്യൂരിറ്റി മുറി, ജനറേറ്റർ മുറി ടവറിന്റെ പോൾ സ്ട്രക്ച്ചറിനുള്ള സ്ഥലം എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങൾക്കെല്ലാം ഉൾപ്പടെയുള്ള വിസ്തീർണ്ണം കണക്കാക്കി നികുതി നിർണ്ണയം നടത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി25/2019 തീയതി 28/10/2019) സ്ഥലപരിശോധ നടത്തി എല്ലാം മൊബൈൽ ടവറുകളേയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ എല്ലാ മൊബൈൽ ടവറുകളുടെയും യഥാർഥ വിസ്തീർണ്ണം കണക്കാക്കി നികുതി നിർണ്ണയം നടത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-17 അനധികൃത കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നു

**എ.വി.ജെ. മോട്ടോഴ്സ് പ്രവർത്തിക്കുന്നത് അനധികൃത കെട്ടിടത്തിൽ**

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന പ്രമുഖ വാഹന സെയിൽ&സർവ്വീസിംഗ് സെന്ററായ എ.വി.ജെ മോട്ടോഴ്സ് പ്രവർത്തിക്കുന്നത് 989.92 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലാണെന്ന് ഓഡിറ്റ് നിർദ്ദേശപ്രകാരം എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ 04.11.2019ൽ നടത്തിയ സ്ഥലപരിശോധനാ റിപ്പോർട്ടിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ 54 ച.മീറ്റർ മാത്രമുള്ള കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നതെന്നാണ് പഞ്ചായത്ത് രേഖകളിൽ ഉള്ളത്. പ്രസ്തുത 54 ച.മീറ്റർ കെട്ടിടത്തിനുമാത്രമാണ് നികുതി ഒടുക്കിവരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം/കെട്ടിട നം. | പ്ലിന്ത് ഏരിയ | നിർണ്ണയിച്ച നികുതി |
|---|---|---|
| XVII/8 | 18 ച.മി. | 728 |
| XVII/9 | 18 ച.മി. | 728 |
| XVII/10 | 18 ച.മി. | 138 |
| ആകെ | 54ച.മി. | 1594 |

989.92 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ നികുതി ഒടുക്കിവരുന്ന 54ച.മീറ്റർ കെട്ടിടത്തിന് മാത്രമാണ് നികുതി അടച്ചിട്ടുള്ളതെന്നും 2018-19 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനം ലൈസൻസ് എടുത്തിട്ടില്ല എന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (27/19) മറുപടി ലഭ്യമാക്കി. മറുപടിയോടൊപ്പം ഹാജരാക്കിയ

സ്ഥല/കെട്ടിട പ്ലാനിൽ 562.7$^{m2}$, 41.48$^{m2}$, 385.70 $m^2$ വിസ്തീർണമുള്ള മൂന്ന് കെട്ടിടങ്ങളുണ്ട്. ഇതിന്റെ ആകെ വിസ്തീർണ്ണമാണ് 989.92 ചതുരശ്ര മീറ്റർ.

കെട്ടിടത്തിന്റെ യഥാർത്ഥ അളവ് കണക്കാക്കാതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. അസസ് ചെയ്തതിൽ ബാക്കി നിൽക്കുന്ന 935.92 (989.92-54) ച.മീ നികുതി നിർണ്ണയിക്കാതിരുന്നതുമൂലം പഞ്ചായത്തിന് വൻ വരവ് നഷ്ടം ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രമല്ല, പ്രസ്തുത ബാക്കി കെട്ടിടം അനധികൃതമായി നിർമ്മിച്ചിട്ടുള്ളതാണെങ്കിൽ അനധികൃത കെട്ടിടത്തിന്മേൽ കേരള പഞ്ചായത്തിരാജ് ആക്ട് പ്രകാരമുള്ള നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതും, കെട്ടിട ഉടമയ്ക്കെതിരെ നിയമ നടപടി സ്വീകരിച്ച് പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതുമാണ്. കൂടാതെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഇപ്രകാരം നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ സംബന്ധിച്ച് വസ്തു നികുതി നിർണ്ണയത്തിന്മേൽ സമഗ്രമായ അന്വേഷണത്തിന്/വകുപ്പ്തല നടപടിക്ക് ഓഡിറ്റ് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

# 1-18 ചട്ടങ്ങൾ ലംഘിച്ച് കൊണ്ട് വാണിജ്യ കെട്ടിട നിർമ്മാണം

ഏനാത്ത് ജംഗ്ഷനിൽ പഴയ എം സി റോഡിനരുകിൽ ഏനാത്ത് വില്ലേജിൽ സർവ്വെ നം. 269/3-1, 269/3, 269/3-3, 269/3-2-1 ഉൾപ്പെട്ട 8 ആർ സ്ഥലത്ത് ശ്രീ. ചന്ദ്രശേഖരൻ നായർ, വാഴവിളയിൽ, ഇളംഗമംഗലം, ഏനാത്ത് എന്നയാൾക്ക് 992.24 ച.മീ. കെട്ടിടത്തിന് 28/06/2018-ലെ ഇ1-ബി.എ.(181498) 2018 പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് എൽ എസ് ജി ഡി ഓവർസിയറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 992.24 ച.മീ. വിസ്തീർണ്ണത്തിന് ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുകയും വസ്തു നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിടം | പ്ലിന്ത് ഏരിയ (ച.മീ.) |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 196.93 |
| ഫസ്റ്റ് ഫ്ലോർ | 436.51 |
| സെക്കൻഡ് ഫ്ലോർ | 358.8 |
| ആകെ | 992.24 |

ഓഡിറ്റ് ടീം ആവശ്യപ്പെട്ടതനുസരിച്ച് പഞ്ചായത്തിലെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം 29-10-2019ൽ നടത്തിയ ഭൗതിക പരിശോധനയിൽ അനധികൃതമായി ഈ കെട്ടിടത്തിന്റെ ടെറസ് ഫ്ലോർ(മൂന്നാം നില) ഷീറ്റിട്ട് (truss work) വശങ്ങൾ കെട്ടിയടച്ച് 358.8ച.മീറ്റർ സ്ഥലം മിനി ഓഡിറ്റോറിയമായി ഉപയോഗിക്കുകയാണെന്ന് കണ്ടെത്തി. KPBR ചട്ടപ്രകാരമുള്ള ഗ്രൂപ്പ് D കാറ്റഗറി ഉപയോഗക്രമത്തിൽ വരുന്ന ഈ നില KPBR ചട്ടങ്ങൾ പാലിക്കാതെയുള്ളതാണെന്ന് എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 19, 20, 134 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ നടന്നിട്ടുള്ള ടി വൻകിട കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കാതിരുന്നതും, നിയമ പ്രകാരം വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കാതിരുന്നതും പഞ്ചായത്ത് ഭരണസമിതിയുടെയും, ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-19 അനധികൃത കെട്ടിട നിർമ്മാണങ്ങൾക്ക് വസ്തുനികുതി ഈടാക്കുന്നില്ല- പഞ്ചായത്തിന് ലക്ഷങ്ങൾ നഷ്ടം

(1) <u>കെ.വി.വി.എസ്. കോളജ് ഓഫ് എഞ്ചിനീയറിംഗ്, കൈതപ്പറമ്പ്</u>

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കോളജിന്റെ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നാളിതുവരെ നിർണ്ണയിച്ചിട്ടില്ല. ഇതുമൂലം വസ്തുനികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിന്

ലക്ഷങ്ങളുടെ നഷ്ടമുണ്ടാകുന്നു. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. ഇത്തരം കെട്ടിടങ്ങൾക്ക് അവ നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന 'യു.എ.' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കണമെന്നും, എന്നാൽ ഈ നമ്പർ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളതല്ല എന്നും ചട്ടം 20(2) വ്യക്തമാക്കുന്നു. കെ.വി.വി.എസ്. കോളജ് ഓഫ് എഞ്ചിനീയറിംഗ്, കൈതപ്പറമ്പ് എന്ന സ്ഥാപനം പഞ്ചായത്തിന്റെ അനുമതികൂടാതെ 7247.14ച.മീറ്റർ വിസ്തൃതിയുള്ള കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് അനധികൃതമായി ഉപയോഗിച്ചുവരുന്നു. കെട്ടിടങ്ങൾ ക്രമവൽക്കരണം നടത്തി നികുതി നിർണ്ണയിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(AA) പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ ആയതിന് സ്വീകരിക്കേണ്ട നടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന നികുതിയും, അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തുനികുതിയായി കെട്ടിട ഉടമയിൽനിന്നും ഈടാക്കണം. നിയമത്തിൽ ഇപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ചട്ട പ്രകാരം യു.എ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കാൻ നടപടി സ്വീകരിക്കാതിരുന്നത് പഞ്ചായത്ത് അധികൃതരുടെ ബോധപൂർവ്വമായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ നികുതി നിർണ്ണയം നടത്താത്തതുമൂലം പഞ്ചായത്ത് ഫണ്ടിന് ഒരു വർഷം ഉണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ഓരോ കെട്ടിടത്തിന്റെയും നിർമ്മിത വിസ്തീർണ്ണംച.മീറ്റർ | പരിശോധനയിൽ കണ്ടെത്തിയ ഉപയോഗക്രമം | നിരക്ക്@ച.മീറ്റർ | പ്രതിവർഷം ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | KVVSകോളജ് ഓഫ് എഞ്ചിനീയറിംഗ്, കൈതപ്പറമ്പ് | 832.29 | വിദ്യാഭ്യാസം | 8 x 3=24 | 19974.96 |
| 2 | „ | 832.29 | വിദ്യാഭ്യാസം | 8 x 3=24 | 19974.96 |
| 3 | „ | 810.79 | വിദ്യാഭ്യാസം | 8 x 3=24 | 19458.96 |
| 4 | „ | 810.79 | വിദ്യാഭ്യാസം | 8 x 3=24 | 19458.96 |
| 5 | „ | 810.79 | വിദ്യാഭ്യാസം | 8 x 3=24 | 19458.96 |
| 6 | „ | 538.48 | ഓഫീസ് | 50 x 3=150 | 80772 |
| 7 | „ | 185.64 | വിദ്യാഭ്യാസം | 8 x 3=24 | 4455.36 |
| 8 | „ | 123.81 | വിദ്യാഭ്യാസം | 8 x 3=24 | 2971.44 |
| 9 | „ | 216.58 | വിദ്യാഭ്യാസം | 8 x 3=24 | 3037.92 |
| 10 | „ | 216.58 | വിദ്യാഭ്യാസം | 8 x 3=24 | 3037.92 |
| 11 | „ | 216.58 | വിദ്യാഭ്യാസം | 8 x 3=24 | 3037.92 |
| 12 | „ | 216.58 | വിദ്യാഭ്യാസം | 8 x 3=24 | 3037.92 |
| 13 | „ | 321.46 | വിദ്യാഭ്യാസം | 8 x 3=24 | 7715.04 |
| 14 | „ | 321.46 | വിദ്യാഭ്യാസം | 8 x 3=24 | 7715.04 |
| 15 | „ | 793.01 | വിദ്യാഭ്യാസം | 8 x 3=24 | 19032.24 |
| | | | | **ആകെ** | **233139.6** |

<u>(2)എംസൺ ഓഡിറ്റോറിയം</u>

ശ്രീ കെ.എം. രാജു, കൊച്ചുണ്ടിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കല്യാണ മണ്ഡപം ഉൾപ്പടെയുള്ള (എംസൺ ഓഡിറ്റോറിയം) വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിട സമുച്ചയങ്ങളുടെ വസ്തു നികുതി പൂർണ്ണമായും നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ആകെ 10271.92 m2 വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ടിയാളുടെ ഉടമസ്ഥതയിലുള്ളതായി എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ്. എന്നാൽ ഇതിൽ 5242.92 ച.മീറ്റർ കെട്ടിടത്തിന്റെ നികുതി മാത്രമാണ് നിർണ്ണയിച്ചിട്ടുള്ളത്. അവശേഷിച്ച 5029 ച.മീറ്റർ അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നികുതിനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇത് അനധികൃത നിർമ്മാണമായി കണക്കാക്കി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഗ്രാമപ്പഞ്ചായത്ത് വസ്തു നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. ഇങ്ങനെ നികുതി ചുമത്താത്തത് മൂലം പഞ്ചായത്തിന് 2013-14 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 5280450 രൂപയുടെ (5029x₹50x3x7) നികുതി നഷ്ടമുണ്ടായിട്ടുണ്ട്.

(3) CAK ടവർ എനാത്ത്

ചന്ദ്രശേഖരൻ നായർ, വാഴവിളയിൽ, ഇളംഗമംഗലം, ഏനാത്ത് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിട സമുച്ചയത്തിന്റെ വസ്തു നികുതി പൂർണ്ണമായും നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. കെട്ടിടത്തിന്റെ വിസ്തീർണ്ണം പെർമിറ്റ് പ്രകാരവും കംപ്ലീഷൻ പ്ലാൻ പ്രകാരവും 992.24 ച.മി ആണ്. എന്നാൽ ആകെ 1351.04 ച.മി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ടിയാളുടെ ഉടമസ്ഥതയിലുള്ളതായി എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ്. എന്നാൽ ഇതിൽ 836.24 ച.മീറ്റർ കെട്ടിടത്തിന്റെ നികുതി മാത്രമാണ് നിർണ്ണയിച്ചിട്ടുള്ളത്. അനധികൃത നിർമ്മിച്ച 358.8 ച.മീറ്റർ വിസ്തീർണമുള്ള ഓഡിറ്റോറിയത്തിന് (മൂന്നാംനില) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഗ്രാമപ്പഞ്ചായത്ത് വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്.

അനധികൃത കെട്ടിട നിർമമാണങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമമാണ ചട്ടം 19, 20, 134 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ നടന്നിട്ടുള്ള ടി വൻകിട കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കാതിരുന്നതും, നിയമ പ്രകാരം വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കാതിരുന്നതും പഞ്ചായത്ത് ഭരണസമിതിയുടെയും, ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമവും, ചട്ടവും പ്രകാരം നടപടി സ്വീകരിക്കുന്നതിന് വീഴ്ചവരുത്തുകയും, പഞ്ചായത്ത് ഫണ്ടിന് ലക്ഷങ്ങളുടെ നഷ്ടം വരുത്തുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ വകുപ്പ് തല നടപടികൾക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 1-20 അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് കെട്ടിട നിർമ്മാണം

പതിനഞ്ചാം വാർഡിൽ ശ്രീ. അനീഷ്.ആർ, മരുത് വിളയിൽ, അറുകാലിക്കൽ ഈസ്റ്റ് എന്ന വ്യക്തിക്ക് പ്രത്യേക പാർപ്പിട സ്ഥലം എന്ന വിനിയോഗ ക്രമത്തിൽ മൂന്ന് നിലകളായി 751.19 ചതുരശ്ര മീറ്റർ കെട്ടിടം പണിയുന്നതിനായി E1/6781/18 തീയതി.26.10.18 പ്രകാരം പെർമിറ്റ് നൽകിയിരുന്നു. ഈ കെട്ടിട നിർമ്മാണം നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നിർദ്ദിഷ്ട കെട്ടിടത്തിന്റെ നിർമ്മാണം പെർമിറ്റിനോടൊപ്പം സമർപ്പിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ചിട്ടുണ്ട്. മൂന്ന് നിലകളിലായി ആകെ 751.19m2 (GF-236.07m2+ FF-236.07m2+SF-271.49m2+Toilet(1)-3.78m2+ Toilet(2)-3.78m2) ആണ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21, തീയതി.25.10.2019ന് അസിസ്റ്റന്റ് എൻജിനീയർ സൈറ്റ് നേരിൽ പരിശോധിച്ച് നൽകിയ മറുപടിയിൽ പ്ലാനിൽ നിന്നും വ്യതിചലനം നിർമ്മാണത്തിലുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആദ്യ നിലയിൽ റിയർ യാഡിൽ റൂഫ് 1.20 മീറ്റർ പിന്നിലേക്ക് തള്ളിയാണ് നിർമ്മിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കെട്ടിടത്തിന്റെ ഏരിയ പ്ലാൻ പ്രകാരമുള്ളതിൽ അധികമാണ്. പെർമിറ്റിനായി അപേക്ഷിച്ച പ്ലാനിൽ ഡിസേബിൾഡ് പാർക്കിംഗ് ഉൾപ്പടെ 9 വാഹനങ്ങളുടെ പാർക്കിംഗിനുള്ള സ്ഥലമാണ് ലഭ്യമാക്കിയിരുന്നത്. കൂടാതെ കാർ പാർക്കിംഗിന് ലഭ്യമായ ആകെ വിസ്തൃതിയുടെ 25% അധികമായി ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിനായും മാറ്റി വെച്ചിരുന്നു. എന്നാൽ യഥാർത്ഥ നിർമ്മിതിയിൽ ഇവ ലഭ്യമല്ല.

പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള P1, P2, P8, P7(disabled parking) എന്നിവയ്ക്ക് നിലവിൽ സൗകര്യം ലഭ്യമല്ല. ബാക്കിയുള്ള പാർക്കിംഗ് സ്ഥലങ്ങളും പ്രായോഗികമല്ല. തെരുവിലേക്കുള്ള വാഹനങ്ങളുടെ പ്രവേശനം, വാഹനങ്ങൾ തിരിക്കുവാനുള്ള സൗകര്യം എന്നിവ കണക്കിലെടുക്കാതെയാണ് ഇവ നൽകിയിട്ടുള്ളത്. കൂടാതെ ചട്ടം 37 നിഷ്കർഷിക്കുന്ന പ്ലോട്ടിലേക്കുള്ള മിനിമം ക്ലിയർ വിഡ്ത്ത് അക്സസ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതോടൊപ്പം തന്നെ ബൗണ്ടറി വാളും പ്ലാനിൽ മാർക്ക് ചെയ്തിട്ടില്ല. അതിനാൽ ചട്ടം 28(1) നിഷ്കർഷിക്കുന്ന 3 മീറ്റർ സെറ്റ് ബാക്ക് ലഭ്യമാണോയെന്ന് വ്യക്തമല്ല. പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ചാണ് നിലവിൽ കെട്ടിടം പണിതുകൊണ്ടിരിക്കുന്നത്. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്ലാനിൽ നിന്നും വ്യതിചലിച്ച് പണി പുരോഗമിക്കുന്ന സാഹചര്യത്തിൽ പണിയിൽ മാറ്റം വരുത്തുവാൻ ചട്ടം 19 (2) പ്രകാരം സെക്രട്ടറി കാലാവധി പറഞ്ഞുകൊണ്ട് നോട്ടീസ് നൽകേണ്ടതും കെട്ടിടനിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന തുടർ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-21 അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീ ഈടാക്കാത്തതിനാൽ വരുമാന നഷ്ടം

2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 136, 137(4) എന്നിവ പ്രകാരം, കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ, പെർമിറ്റ് പുതിയതായി അനുവദിക്കേണ്ടവയുടെ കാര്യത്തിലാണെങ്കിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണ്. പെർമിറ്റ് എടുക്കാതെ നിർമ്മിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയപ്പോൾ പെർമിറ്റ് ഫീസ് ഈടാക്കാതെ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമനം | അപേക്ഷകന്റെ പേര്, കെട്ടിടത്തിന്റെ വിസ്തീർണ്ണം | വിനിയോഗ ക്രമം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | റെവറന്റ് ഫാദർ ജോസഫ് കടവിൽ<br>ശാന്തി ഭവനം ആശ്രമം, ഏനാത്ത്<br>1211.36 സ്ക്വ.മീ | വിദ്യാഭ്യാസപരം | രാജിയാക്കൽ ഫീസ്<br>1211.36 x 10 = 12113.6<br>ആകെ = 12113.6 | പെർമിറ്റ് ഫീസ്<br>1211.36 x 5 = 6056.8<br>രാജിയാക്കൽ ഫീസ്<br>1211.36 x 10 = 12113.6<br>ആകെ = 18170.4 | **6056.8** |
| 2 | ശ്രീ.മനോജ് ഉണ്ണുണ്ണി, മനോജ് വിലാസം, കൈതപ്പറമ്പ് | പാർപ്പിടം | രാജിയാക്കൽ ഫീസ്<br>112.67 x 6 = 676.02 | പെർമിറ്റ് ഫീസ്<br>112.67 x 3 = 338.01<br>രാജിയാക്കൽ ഫീസ്<br>112.67 x 6 = 676.02 | **338.01** |
| | ആകെ കുറവ് | | | | **6394.81** |

പെർമിറ്റ് എടുക്കാതെ നിർമ്മിച്ച ഈ കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയപ്പോൾ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് ഈടാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ 6394 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 1-22 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം- UA നമ്പർ നൽകി നികുതി ഈടാക്കിയില്ല.

ശ്രീ. ശിവദാസ്, വൈശാഖം, അറുകാലിക്കൽ,ഏഴംകുളം എന്ന വ്യക്തി പെർമിറ്റ് എടുക്കാതെ പണികഴിപ്പിച്ച 70.84 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാസ ഗൃഹം ക്രമവൽക്കരിക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ ഈ വ്യക്തി വീട് നിർമ്മിച്ചിരിക്കുന്ന 77/9 സർവ്വേ നമ്പരിലുള്ള 5.20 ആർ വസ്തു ഡാറ്റാ ബാങ്കിൽ നിലമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏഴംകുളം വില്ലേജ് ഓഫീസർ നൽകിയ നമ്പർ -31862168, തീയതി.05.05.2018 കൈവശാവകാശ സർട്ടിഫിക്കറ്റിലും ഭൂമിയുടെ തരം നിലം എന്നാണ് കാണിച്ചിട്ടുള്ളത്. മേൽ കാരണത്താൽ പ്രസ്തുത നിർമ്മിതി സംബന്ധിച്ച ക്രമവൽക്കരണ അപേക്ഷ പരിഗണിക്കുവാൻ സാദ്ധ്യമല്ലെന്ന് ഈ വ്യക്തിയെ അറിയിച്ചിട്ടുണ്ട്. കെട്ടിടം ക്രമവത്കരിക്കുവാൻ നിയമപ്രകാരം സാധ്യമാവാത്ത പക്ഷം കേരള പഞ്ചായത്തീരാജ് നിയമം 235AA വകുപ്പ് പ്രകാരം അനധികൃത നിർമ്മാണമായി കണക്കാക്കി നികുതി ചുമത്തേണ്ടതാണ്.

# 1-23 ലൈസൻസ്-പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളെക്കൊണ്ടും (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്.

ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ഒരു ഉദാഹരണമാണ് ഏഴംകുളം ഗ്രാമപഞ്ചായത്തിലെ കോട്ടമുകൾ വാർഡിൽ പ്രവർത്തിക്കുന്ന എ.വി.ജെ മോട്ടോഴ്സ് എന്ന സ്ഥാപനം 2018-19 സാമ്പത്തികവർഷത്തിൽ ലൈസൻസ് എടുക്കാതെയാണ് ഈ സ്ഥാപനം പ്രവർത്തിച്ചത്. 2018-19 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 38 ജീവനക്കാരുടെ തൊഴിൽ നികുതി എ.വി.ജെ മോട്ടോഴ്സ് ഗ്രമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. വാഹനങ്ങളുടെ സർവ്വീസും റിപ്പയറിംഗുമാണ് ഈ സ്ഥാപനത്തിൽ നടക്കുന്നത് ഇത് മൂലം പ്രകൃതിമലിനികരണത്തിന് സാധ്യതയുള്ളതും തൊഴിൽ നികുതി പരിധിയിൽ വരുന്ന 38 അധികം ജീവനക്കാർ ജോലിചെയ്യുന്നതുമായ ഈ സ്ഥപനം ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിട്ടും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഒരു നിയമനടപടിയും സ്വീകരിച്ചിട്ടില്ല.

2018-19 സാമ്പത്തികവർഷം പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 393 എണ്ണം മാത്രമാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി വസ്തുനികുതി നിശ്ചയിച്ചിരിക്കുന്ന 2220 കെട്ടിടങ്ങൾ നിലവിലുള്ളതായി ബോധ്യപ്പെട്ടു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1959 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 71 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 0 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. യിൽ കൂടുതൽ വിസ്തീർണ്ണമുള്ള | 1 |

| | |
|---|---|
| സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 7 |
| ഓഫീസ് ആവശ്യം | 31 |
| ആശുപത്രികൾ | 20 |
| വ്യവസായാവശ്യത്തിനുള്ള – കൈത്തറിഷെഡ്, കയർപിരിഷെഡ് | 59 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 72 |
| **ആകെ** | **2220** |

ആകെയുള്ള വാണിജ്യാവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന 2220കെട്ടിടങ്ങളിൽ ഏകദേശം 17% സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്താത്തതിനാൽ ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവയിൽ ഗണ്യമായ കുറവ് സംഭവിക്കാൻ സാഹചര്യം ഉണ്ടാകുന്നു. മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിലും തനത് ഫണ്ട് സമാഹരിക്കുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തുനിന്ന് ഇടപെടൽ ഉണ്ടാകേണ്ടതും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-24 വ്യാപാര സ്ഥാപനങ്ങളിലേയും ഷോപ്പുകളിലേയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

വ്യാപാര സ്ഥാപനങ്ങളിലേയും ഷോപ്പുകളിലേയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലെയും ഏറ്റവും താഴെയുള്ള ഗ്രേഡ്-ഇ ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ.ഡി & ഒ ലൈസൻസ് അപേക്ഷ പരിശോധിക്കുമ്പോൾ 2-ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന കച്ചവട സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഇത് മൂലം പഞ്ചായത്തിലെ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. അപാകത പരിഹരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങളുടെ പേര് | തൊഴിൽനികുതി ഈടാക്കാത്ത അർദ്ധവർഷങ്ങൾ | |
|---|---|---|
| 1 | മിഥുന ഹോട്ടൽ | 1&II |
| 2 | ടി.എസ്.എ ക്രഷർ | 1&II |

# 1-25 എം.എൻ ലക്ഷം വീട് ഒറ്റ വീട് ഇരട്ട വീടാക്കൽ പദ്ധതി, പ്രത്യേകാനുമതി വാങ്ങിയെങ്കിലും പ്രോജക്ട് നടപ്പിലായില്ല.

2018-19 വാർഷിക പദ്ധതിയിൽ എം.എൻ ലക്ഷംവീട് ഇരട്ട വീട് ഒറ്റ വീടാക്കുന്നതിന് രണ്ട് പദ്ധതികൾ [ജനറൽ-

പ്രോജക്റ്റ് നം-126/19), പട്ടിക ജാതി വിഭാഗം (പ്രോജക്റ്റ് നം-120/19)] ആവിഷ്കരിച്ച് നിർവ്വഹണത്തിനായി കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ നിന്നും പ്രത്യേകാനുമതി വാങ്ങിയിരുന്നു. ജനറൽ പദ്ധതിയിൽ 3100000 രൂപയും (വി-ഫണ്ട്ജനറൽ- 220000+ തനത് ഫണ്ട്-1280000 + ബ്ലോക്ക് പഞ്ചായത്ത് വിഹിതം-500000+ ജില്ലാ പഞ്ചായത്ത് വിഹിതം-1100000), എസ്.സി പദ്ധതിയിൽ 3200000 രൂപയും (വി-ഫണ്ട് എസ്.സി-2200000+ ബ്ലോക്ക് പഞ്ചായത്ത് വിഹിതം-1000000) ആണ് വകയിരുത്തിയിരുന്നത്. ജനറൽ വിഭാഗത്തിൽ പന്ത്രണ്ടും എസ്.സി വിഭാഗത്തിൽ എട്ടും ഗുണഭോക്താക്കളുണ്ടായിരുന്ന ഈ പദ്ധതി 128 പേർ താമസിച്ചുവരുന്ന ചോർന്നൊലിക്കുന്ന 10 ഇരട്ട വീടുകൾ 20 ഒറ്റവീടുകളാക്കുന്നതിനാണ് വിഭാവനം ചെയ്തത്. എന്നാൽ നടപടിക്രമങ്ങളിൽ വന്ന കാലതാമസംമൂലം ഈ പദ്ധതിക്കായി സർക്കാരിൽ നിന്നുള്ള പ്രത്യേകാനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് (സ.ഉ(സാധ) 441/19/LSGD dtd.26.02.19) ഇറങ്ങിയത് ലോകസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്ന സമയത്താണ്. ഈ കാരണത്താൽ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുവാനോ സബ്സിഡി നൽകുവാനോ സാദ്ധ്യമായില്ല. ജനോപകാരപ്രദമായ ഈ പദ്ധതി നടപ്പിലാക്കുവാനായി പ്രത്യേകാനുമതി കോ-ഓർഡിനേഷൻ സമിതിയിൽ നിന്നും ലഭ്യമായെങ്കിലും നടപടിക്രമങ്ങളിലെ കാലതാമസം മൂലമാണ് സർക്കാരിൽ നിന്നുള്ള പ്രത്യേക ഉത്തരവ് സമയ ബന്ധിതമായി ലഭ്യമാക്കുവാൻ സാധിക്കാഞ്ഞത്. ഇത് മൂലം 128 പേർക്ക് അവശ്യമായി ലഭ്യമാക്കേണ്ട ഭവന സൗകര്യം ലഭ്യമാക്കിയില്ല എന്നു മാത്രമല്ല രണ്ട് പദ്ധതികൾക്കായി വകയിരുത്തിയ വികസനഫണ്ട് 44 ലക്ഷം രൂപയും പഞ്ചായത്തിന് നഷ്ടമാകുകയും ചെയ്തു. പ്രസ്തുത ഗുണഭോക്താക്കളെ നിലവിലുള്ള പാർപ്പിട പദ്ധതിയിൽ ഉൾക്കൊള്ളിച്ച് പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-26 ഡെപ്പോസിറ്റ് പ്രവൃത്തികൾ-ക്രമീകരിക്കാതെ അവശേഷിക്കുന്നത് 1.25 കോടി രൂപ

ഗ്രാമ പഞ്ചായത്ത് 2008-09 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ വാട്ടർ അതോറിട്ടി, കെ.എസ്.ഇ.ബി, പി.ഡബ്ല്യൂ.ഡി. മുഖാന്തിരം ഏറ്റെടുത്ത 12508339 അടങ്കലുള്ള 19 പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. മുൻകൂർ നല്കിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. തുക അടവാക്കിയതല്ലാതെ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കി വാട്ടർ അതോറിട്ടിയിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും ഡെപ്പോസിറ്റ് തുകയിൽ ചെലവാകാതെ അവശേഷിക്കുന്ന തുക മടക്കി വാങ്ങുന്നതിനും ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. പൂർത്തീകരണ വിവരം ലഭ്യമല്ലാത്ത പ്രോജക്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./ വർഷം | പ്രോജക്റ്റിന്റെ പേര് | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| 1 | 93/08-09 | ചുമടുതാങ്ങി അംബേദ്കർ കോളനി കല്ലുവെട്ടിഭാഗം മുളയംകോട് പട്ടികജാതി കോളനിയിലേക്ക് പൈപ്പ് ലൈൻ | 280000 |
| 2 | 163/09-10 | കുന്നേപാലവിള തെറ്റിമുകൾ പൈപ്പ് ലൈൻ | 100000 |
| 3 | 162/09-10 | കോളനികൾക്ക് പൈപ്പ് ലൈൻ (പൊടിവിള കോളനി) | 500000 |
| 4 | 87/11-12 | പൈപ്പ് ലൈൻ നീട്ടൽ | 56000 |
| 5 | 81/12-13 | പൈപ്പ് ലൈൻ നീട്ടൽ | 16000 |
| 6 | 242/13-14 | കുളശ്ശേരി കോളനിയിലേക്ക് പൈപ്പ് ലൈൻ | 400000 |
| 7 | 243/13-14 | പാറവിള കോളനിയിലേക്ക് പൈപ്പ് ലൈൻ | 300000 |
| 8 | 141/14-15 | അയണിക്കമുകൾ കുടിവെള്ള പദ്ധതി (വാർഡ് 5) | 600000 |
| 9 | 51/15-16 | കൈതപ്പറമ്പ് സാംസ്കാരിക നിലയത്തിന് വാട്ടർ കണക്ഷൻ | 80000 |

| | | | |
|---|---|---|---|
| 10 | 113/16-17 | SC കോളനികളിലേക്ക് പൈപ്പ് ലൈൻ | 140000 |
| 11 | 117/16-17 | എല്ലാ വാർഡുകളിലും കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2381956 |
| 12 | 188/16-17 | 1,2,3,4,5,10 വാർഡുകളിലേക്ക് കുടിവെള്ള വിതരണത്തിന് OH ടാങ്ക് മുതൽ കാവനാൽ എസ്.എൻ.ഡി.പി. ജംഗ്ഷൻവരെ പൈപ്പ് ലൈൻ | 2075000 |
| 13 | 91/17-18 | 17-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി പി.ഡബ്ല്യൂ.ഡിക്ക് തുക കൈമാറൽ | 580000 |
| 14 | 237/17-18 | മൂന്നാം വാർഡിലെ വീരപ്പള്ളിൽ തേപ്പുപാററോഡിൽ പൈപ്പ്ലൈൻ നീട്ടൽ | 1390793 |
| 15 | 233/17-18 | പൈപ്പ്ലൈൻ നീട്ടൽ | 100000 |
| 16 | 9/17-18 | എസ്.സി കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 408425 |
| 17 | 99/17-18 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും മീറ്റർ ഘടിപ്പിക്കലും | 2746919 |
| 18 | 200/17-18 | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് തുക നൽകൽ | 333220 |
| 19 | 219/17-18 | ഏഴംകുളം വില്ലേജിൽ സ്ട്രീറ്റ് മെയിൻ | 20026 |
| | | | 12508339 |

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും അടിയന്തിരമായി വാങ്ങേണ്ടതും മുൻകൂർ ക്രമീകരിച്ചതിന്റെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-27 സെന്റേജ് ചാർജ് ഇനത്തിൽ അധികം ഒടുക്കിയത് 64702 രൂപ

2012-ലെ പരിഷ്കരിച്ച പി.ഡബ്ല്യൂ.ഡി. മാനവൽ അനുസരിച്ച് ഡെപ്പോസിറ്റ് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ എൽ.എസ്.ജികൾ 10% സെന്റേജ് ചാർജ് അടച്ചാൽ മതിയാകുന്നതാണ്. പി.ഡബ്ല്യൂ.ഡി. മാനവൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% സെന്റേജ് ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാൻ പാടില്ലായെന്ന് 16.04.2018-ലെ സ.ഉ.(സാധാ) നം.1069/18 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിന്റെ 10% മാത്രം സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ ഈടാക്കിയാൽ മതിയാകും. ഇതനുസരിച്ച് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പുറത്തിറക്കിയ 24/9/18-ലെ KWA/JB/P2/663/17 നംപർ നടപടിക്രമത്തിലും 10% നിരക്കിൽ ചാർജ് ഈടാക്കുവാൻ നിർദ്ദേശിച്ചിരുന്നു. സർക്കാർ ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷവും 12.5% നിരക്കിൽ സെന്റേജ് ചാർജ് കണക്കാക്കിയുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തി. ഈ പ്രവൃത്തികളൊന്നും നാളിതുവരെ ആരംഭിച്ചിട്ടുമില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ആകെ ഒടുക്കിയ തുക | സെന്റേജ് ചാർജ് ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കേണ്ട തുക | അധികമായി ഒടുക്കിയ തുക |
|---|---|---|---|---|
| വീരപള്ളിപ്പടി ട്രാൻസ്ഫോമർ പടി റോഡ്, വാർഡ് 3 | 1390793<br>609207 | 220741.35 | 176593 | 44148.35 |
| പായാട്ടു വിള കോളനി-താഴത്ത് റോഡ് | 110000 | 11438.61 | 9150.88 | 2288 |
| പാട്ടുകുന്നിൽപ്പടി ചരുവിളപ്പടി വാർഡ് XIV | 300000 | 29951.21 | 23960.9 | 5990 |
| കല്ലുങ്കൽ ട്രാൻസ്ഫോമർപ്പടി പ്രശാന്ത് ഭവൻ പടി , | 130000 | 13625.80 | 10900.64 | 2725 |

| | | | | |
|---|---|---|---|---|
| വാർഡ് 1X | | | | |
| ചരുവിള കിഴക്കേതിൽപ്പടി ഷെറിൻ ഭവൻ പടി, വാർഡ് 3 | 300000 | 28277.85 | 22622 | 5655.8 |
| വല്യത്ത് പടി നെടിയകാല പടി , വാർഡ് 3 | 180000 | 19473.5 | 15578.8 | 3894.7 |
| ആകെ | | | | 64702 |

അധിക നിരക്കിൽ സെന്റേജ് ചാർജ് ഒടുക്കിയത് മൂലം 64702 രൂപ വാട്ടർ അതോറിറ്റിയിൽ അധികം ഒടുക്കാനിടയായി. ഈ തുക അടിയന്തിരമായി തിരികെ ഈടാക്കി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 കൈതപ്പറമ്പ് സ്റ്റേഡിയം മണ്ണ് നീക്കം ചെയ്യലും ലേലവും - ഫൈനൽ ലെവൽസ് നടന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിലുള്ള ഏഴംകുളം വില്ലേജ് ബ്ലോക്ക് നം.19 റീസർവ്വേ നം.550/4 ൽ പെട്ട 39 ആർ പുരയിടത്തിൽ കൈതപ്പറമ്പ് മിനി സ്റ്റേഡിയത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ബാഡ്മിന്റൻ കോർട്ട്, ഷട്ടിൽ കോർട്ട് എന്നിവ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തി 2017-18 ൽ പദ്ധതി ആവിഷ്കരിച്ച് ഡി.പി.സി അംഗീകാരം വാങ്ങിയിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ മണ്ണ് നീക്കം ചെയ്യുന്ന ഇനം ഉൾപ്പെടുത്തിയിരുന്നില്ല. ടി പ്രവൃത്തി നടപ്പാക്കുന്നതിനായി പ്രസ്തുത സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുന്നതിനായി 07-08-17ലെ X(13) തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത മണ്ണിന്റ ലെവൽസ് റിപ്പോർട്ട് ചെയ്ത് അളവ് നിശ്ചയിക്കുന്നതിന് 16-04-18 ലെ അജണ്ട 5 തീരുമാനം നം. 2, 4 ആയി പഞ്ചായത്ത് കമ്മിറ്റി വീണ്ടും തീരുമാനം കൈക്കൊണ്ട് പറക്കോട് ബ്ലോക്ക് എൽ.എസ്.ജി.ഡി അസി. എക്സി. എഞ്ചിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ടി സ്ഥലത്ത് നിന്നും മണ്ണ് നീക്കം ചെയ്യുന്നതിന്റെയും താണ ഭാഗത്ത് മണ്ണ് ഫില്ലിംഗ് നടത്തുന്നതിന്റെയും ഇനിഷ്യൽ ലെവൽസ് തയ്യാറാക്കി ഏരിയ കാൽക്കുലേഷൻ ഷീറ്റ്, മണ്ണിന്റെ വ്യാപ്തിയുടെ കാൽക്കുലേഷൻ ഷീറ്റ് എന്നിവ തയ്യാറാക്കി 07-03-18 ൽ അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയത് അസി.എക്സി. എഞ്ചിനിയർ അംഗീകരിച്ചിട്ടുണ്ട്. ആയത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. പ്രസ്തുത കണക്ക് അനുസരിച്ച് മണ്ണ് നീക്കം ചെയ്യേണ്ടത് 12133.706 ക്യൂ.മീറ്ററും ഫില്ലിംഗ് നടത്തേണ്ടത് 1967.631 ക്യൂ.മീറ്ററുമാണ്. ലേലം മുഖേന എടുത്ത് മാറ്റുന്ന മണ്ണിന്റെ അളവ് 13-03-2018 ൽ ചീഫ് ടെക്ക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് 10165 ക്യൂ.മീറ്ററാണ്.

അസി.എക്സി.എഞ്ചിനിയറുടെ 16-04-18 ലെ കത്തിൽ, 10165 m3 എടുത്ത് മാറ്റുമ്പോൾ ഉദ്ദേശം 12000 എം3 ഇളകിയ സാധാരണ മണ്ണ് സ്റ്റേഡിയ നിർമ്മാണ ആവശ്യത്തിൽ അധികമായി ഉണ്ടാകുമെന്ന് ലെവൽസ് പരിശോധനയിൽ കാണുന്നതായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണ്ണിന്റെ വില നിശ്ചയിക്കുന്നതിന് നിലവിൽ എൽ.എസ്.ജി.ഡി ഉത്തരവുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലെന്നും പ്രാദേശിക അന്വേഷണത്തിൽ, മൈനിംഗ് & ജിയോളജി വകുപ്പിൽ അടയ്ക്കേണ്ട സർക്കാർ റോയൽറ്റിയായ ക്യൂബിക്ക് മീറ്ററിന് 40 രൂപ കഴിച്ച് സാധാരണ ഇളകിയ മണ്ണിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് ക്യൂബിക്ക് മീറ്ററിന് 145 രൂപ പ്രകാരമാണെന്നുള്ള വിവരം അസി.എക്സി.എഞ്ചിനിയർ അറിയിച്ചു. പരസ്യ ലേലം നടത്തിയാൽ അധികമായി ലഭിക്കുന്ന വില പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി വിവേചന ബുദ്ധിയിൽ അംഗീകരിക്കാവുന്നതാണ്. മൈനിംഗ് & ജിയോളജി വകുപ്പിൽ നിനന്നും ലഭ്യമായിട്ടുള്ള വിവരം അനുസരിച്ച് മണ്ണ് ഇടിച്ചു മാറ്റാൻ ചുമതലപ്പെട്ടയാൾ റോയൽറ്റി നേരിട്ട് അടച്ച് വാഹന പാസ് നേടേണ്ടതാണെന്നും പ്രസ്തുത കത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്.

06-06-18 ൽ കൈതപ്പറമ്പ് മിന് സ്റ്റേഡിയത്തിലെ മണ്ണ് നീക്കം ചെയ്യുന്നതും ലേലവും തുടർ നടപടികളും സംബന്ധിച്ച് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സൈറ്റിൽ നിന്നും മണ്ണെടുക്കുന്നത്

എഞ്ചിനിയറിംഗ് വിംഗിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലാകണമെന്നും ദിനം പ്രതി എത്ര ലോഡ് മണ്ണ് നീക്കം ചെയ്യുവെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി ഡെയിലി റിപ്പോർട്ട് നൽകണമെന്നും സെക്രട്ടറി / പ്രസിഡന്റിന്റെ അഭിപ്രായം തീരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്.

10-05-18 ലെ 6(2)ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ കൈതപ്പറമ്പ് മിനി സ്റ്റേഡിയത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് 12000 ക്യൂ.മീറ്റർ മണ്ണ് ലേല നിബന്ധനകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിന് അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തിയിയിട്ടുണ്ട്. എൽ.എസ്.ജി.ഡി എസി.എഞ്ചിനിയറുടെ 05-06-18 ലെ കത്തിൽ പഞ്ചായത്തിന്റെ റവന്യൂ വാങ്ങാനോ, വിൽക്കാനോ ഉള്ള അധികാരം പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാണെന്ന് പഞ്ചായത്ത് രാജ് ആക്റ്റിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതിനാലും ലേല നടപടികൾ അസി. എഞ്ചിനിയറുടെ ചുമതലയിൽ ഉൾപ്പെടുന്ന കാര്യമല്ലാത്തതിനാലും ലേല നടപടികൾ എൽ.എസ്.ജി.ഡി ഓഫീസിൽ നിന്നും ചെയ്യാൻ കഴിയുന്നതല്ലെന്നും ലേലത്തിന് മുന്നോടിയായുള്ള സാങ്കേതിക ജോലികൾ എല്ലാം തന്നെ പൂർത്തീകരച്ചിട്ടുള്ളതായും സെക്രട്ടറി/ പ്രസഡന്റിനെ അറിയിച്ചിട്ടുണ്ട്. ലേലം ചെയ്ത് മണ്ണ് നീക്കം ചെയ്ത വിവരം അറിയിക്കുന്ന മുറയ്ക്ക് ഫൈനൽ ലെവൽസ് എടുത്ത് ചീഫ് ടെക്കനിക്കൽ എക്സാമിനറുടെ കൺകറൻസിന് അയയ്ക്കുന്നതാണെന്നുള്ള വിവരവും അസി.എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മണ്ണ് ലേലം- നടപടികൾക്ക് സുതാര്യതയില്ല.**

10165 ക്യൂ.മീറ്റർ മണ്ണ് ഇടിച്ച് മാറ്റുമ്പോൾ 12000 ക്യൂ.മീറ്റർ ഇളകിയ മണ്ണ് ഉണ്ടാകുമെന്ന് എഞ്ചിനിയറിംഗ് വിഭാഗം പരാമർശിച്ചിട്ടുള്ളതിനാൽ മണ്ണ് ലേലം ചെയ്യുമ്പോൾ എത്ര ക്യൂ.മീറ്റർ മണ്ണ് ലേലം ചെയ്യണമെന്ന് വ്യക്തത വരുത്തി അറിയിക്കണമെന്ന് സെക്രട്ടറി കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ കട്ടിംഗും ഫില്ലിംഗും വരുന്നതിനാൽ 10000ക്യൂ.മീറ്റർ മണ്ണ് മാനദണ്ഡമായി വച്ചുകൊണ്ട് ലേല നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് അസി.എഞ്ചിനിയർ നിർദ്ദേശിച്ചിട്ടുണ്ട്.

കൈതപ്പറമ്പ് മിനി സ്റ്റേഡിയത്തിലെ 10000ക്യൂ.മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അവകാശം 07-07-18 ൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് പരസ്യമായി ലേലംചെയ്യുന്നതാണെന്നുള്ള ലേല നോട്ടീസിന്റെ അടിസ്ഥാനത്തിൽ 45000/-രൂപ നിരതദ്രവ്യം കെട്ടിവച്ച് 73 പേർ ലേലത്തിൽ പങ്ക് കൊണ്ടു. 1600000/- രൂപയിൽ ലേലം വിളി ആരംഭിച്ച് ഏറ്റവും കൂടിയ തുകയായ 3075000/- രൂപ വിളിച്ച ശ്രീ.റ്റിന്റു.വി.പി, വട്ടച്ചിറയിൽ എന്നയാളിന് ലേലം ഉറപ്പിച്ച് നൽകിയത് 24-07-18 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി 3(1) തീരുമാനമായി അംഗീകരിച്ചിട്ടുണ്ട്. ലേലത്തുകയും 5% ജി.എസ്.ടിയായി 153750/- രൂപ ഉൾപ്പെടെ 3228750/-രൂപ ടിയാൻ ഒടുക്ക് വരുത്തിയിട്ടുണ്ട്. 08-10-2018 ൽ ടിയാൻ സെക്രട്ടറിയുമായി കരാറിലേർപ്പെട്ടു. കരാർ തീയതി മുതൽ മൂന്ന് മാസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മണ്ണ് നീക്കം ചെയ്യേണ്ടതാണെന്നും ജിയോളജി വകുപ്പിൽ റോയൽറ്റി ഒടുക്കി സ്വന്തം ചെലവിൽ പ്രസ്തുത വകുപ്പിൽ പാസ്സ് വാങ്ങേണ്ടതാണെന്നും കരാർ നിബന്ധനയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ ദിവസവും എടുത്ത മണ്ണിന്റെ അളവ് എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറിക്ക് നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജിയോളജിസ്റ്റിന് 08-10-18 ൽ സെക്രട്ടറി നൽകിയ കത്തിൽ ശ്രീ.റ്റിന്റു.വി.പി, വട്ടച്ചിറയിൽ എന്നയാളിന് ലേലം ഉറപ്പിച്ചിട്ടുള്ളതാണെന്നും ടിയാന് റോയൽറ്റി ഒടുക്കുന്നതിനുള്ള അനുമതിയും പാസും അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റോയൽറ്റി ഇനത്തിൽ 40000/- രൂപ ചെലാൻ നം. 0088889998/01-12-18 പ്രകാരം കോട്ടയം ജില്ലാ ട്രഷറിയിൽ ഒടുക്കി. പത്തനംതിട്ട ജില്ലാ സീനിയർ ജിയോളജിസ്റ്റിന്റെ 10-12-18ലെ 390/1819/1485/ഡിഇപിറ്റിഎ/എം/18 പ്രകാരം 10-12-18 മുതൽ 25-01-19 വരെ കാലാവധിയോടെ ഫാറം O(A)യിലുള്ള 1 മുതൽ 2500 വരെ ആകെ 2500 പാസ്സുകൾ അനുവദിച്ച് നൽകി ഉത്തരവായിട്ടുണ്ട്.

ഈ പാസ്സ് ഉപയോഗിച്ച് 10000$m^3$(20000ടൺ) മണ്ണ് മാത്രമേ പുറത്തേക്ക് കൊണ്ട്പോകുവാൻ പാടുള്ളു.

അതായത് 4$m^3$ മണ്ണ് ഒരു ലോഡ് എന്ന് കണക്കാക്കിയാണ് ജിയോളജി പാസ്സ് അനുവദിച്ചത്. ഉപയോഗിക്കാത്ത പാസ്സ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സീരിയൽ നം. 1749 മുതൽ 2000 വരെയുള്ള 252 പാസ്സുകൾ ഓഡിറ്റിൽ ഹാജരാക്കി. ഇതു കൂടാതെ ക്യാൻസൽ ചെയ്ത 14 പാസ്സുകളും ഹാജരാക്കി. 2000 വരെയുള്ള പാസ്സുകളിൽ ആകെ 1734 പാസ്സുകൾ വിതരണം ചെയ്തിട്ടുണ്ട്.

സെക്രട്ടറി 22-02-19 ൽ അസി.എഞ്ചിനിയർക്ക് നൽകിയ കത്തിൽ മണ്ണെടുപ്പ് ലേല നടപടികൾ പൂർത്തിയായതിനാൽ സ്റ്റേഡിയത്തിന്റെ ഫൈനൽ ലെവൽസ് എടുത്ത് എത്ര മണ്ണ് എടുത്തിട്ടുണ്ടെന്നുള്ള വിവരം ആറന്മുള ജിയോളജി ആഫീസിൽ ഹാജരാക്കുന്നതിനായി അടിയന്തിരമായി നൽകണമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 11-01-19 ലെ I(3) തീരുമാന പ്രകാരം ഗ്രൗണ്ട് ലെവൽസ് എടുക്കുന്നതിന് പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി ഓഫീസിലെ ലെവൽ മെഷീൻ ഉപയോഗിക്കുന്നതിന് അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. മണൽ നീക്കം ചെയ്യലുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

(1)മണ്ണെടുപ്പ് കഴിഞ്ഞ് ഒമ്പത് മാസം ആയിട്ടും ഫൈനൽ ലെവൽസ് എടുത്ത് നീക്കം ചെയ്ത മണ്ണിന്റെ അളവ് കണക്കാക്കിയിട്ടില്ല. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മണ്ണ് എടുക്കുന്നത് കൂടുതലോയോ എന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ ലെവൽസ് എടുക്കണമെന്ന് കാണിച്ച് സെക്രട്ടറിക്ക് 21-01-19 ൽ കത്ത് നൽകിയതിന്റെ പകർപ്പ് അസി.എഞ്ചിനിയർ ഹാജരാക്കി. പള്ളിക്കൽ പഞ്ചായത്തിലെ ലെവലിംഗ് മെഷീന് കൃത്യത ഇല്ലാത്തതിനാൽ ഇനിഷ്യൽ ലെവൽസ് എടുത്ത ഏജൻസിയെത്തന്നെ ഏൽപ്പിക്കണമെന്ന് കാണിച്ച് സെക്രട്ടറിക്ക് കത്ത് നൽകിയതായി എഞ്ചിനിയർ അറിയിച്ചു.

(2)ജിയോളജിയിൽ നിന്നും അനുവദിച്ച 2001 മുതൽ 2500 വരെയുള്ള പാസ്സിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് സെക്രട്ടറി മറുപടി നൽകിയില്ല. പ്രസ്തുത പാസ്സുകൾ ജിയോളജിയിൽ നിന്നും വാങ്ങിയിരുന്നില്ലായെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. എന്നാൽ ലഭ്യമാക്കിയ പാസ്സിന്റെ വിവരം ജിയോളജിസ്റ്റിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി വാങ്ങിയില്ല.

(3) ഓരോ ദിവസവും എത്ര ലോഡ് മണ്ണ് നീക്കം ചെയ്ത് കൊണ്ട് പോയെന്നുള്ള അസി.എഞ്ചിനിയറുടെ ഡെയിലി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള മറുപടിയിൽ എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ പ്രായോഗിക ബുദ്ധിമുട്ട് കാരണമാകാം സെക്രട്ടറി പഞ്ചായത്ത് ഉദ്യോഗസ്ഥരെത്തന്നെ മണ്ണെടുപ്പ് സ്ഥലത്ത് നിയോഗിച്ചിരുന്നതായി അസി .എഞ്ചിനിയർ മറുപടിയിൽ വ്യക്തമാക്കി.

(4)കരാറിലെ മൂന്നാമത്തെ നിബന്ധന അനുസരിച്ച് കരാറിൽ പറഞ്ഞിരിക്കുന്ന മണ്ണ് മാത്രമേ എടുക്കുവാൻ പാടുള്ളു. കരാറിൽ പറഞ്ഞതിനേക്കാൾ കൂടുതൽ മണ്ണ് എടുത്തിട്ടുണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ ആയതിനുള്ള നടപടി ക്രമം സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. വ്യവസ്ഥ ഉൾപ്പെടുത്തണമെന്ന് കാണിച്ച് 13-06-18 ൽ അസി.എഞ്ചിനിയർ സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നതായി അറിയിച്ചിച്ചു. പ്രസ്തുത വിവരം അസി.എഞ്ചിനിയർ ചൂണ്ടിക്കാണിച്ചിട്ടും അങ്ങനെയൊരു വ്യവസ്ഥ ഉൾപ്പെടുത്താതിരുന്നത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

മണ്ണ് നീക്കം ചെയ്തതിന്റെ ഫൈനൽ ലെവൽസ് എടുക്കുന്നതിന് അടിയന്തിര തീരുമാനമുണ്ടാകേണ്ടതാണ്. കരാറുകാരൻ കരാറിൽ പറഞ്ഞതിനേക്കാൾ കൂടുതൽ മണ്ണ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന് നടപടി സ്വീകരിച്ച് അധികമെടുത്ത മണ്ണിന്റെ വില ഈടാക്കുകയും ചെയ്യേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനോടൊപ്പം മേൽ ചൂണ്ടി കാണിച്ചിട്ടുള്ള അപാകതയിൻമേൽ വകുപ്പുതല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 1-29 കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ചുമത്തിയില്ല – ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന സ്പിൽ ഓവർ പ്രവൃത്തിക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന

ഏതാനം കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ചമച്ച തീയതി | ഫൈനൽ ബിൽ തുക ബിൽ നം./ തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | ഏനാത്ത് മാമ്പള്ളിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്(122/19)<br>കരാറുകാരൻ : ആർ.ഗോപിനാഥൻ പിള്ള<br>PAC തുക : 249666/- | 04-10-18 | 12-11-18 | 244647/-<br>39/18-19/<br>27-12-18 | 2497 |
| 2 | കുഴിവിളപ്പടി മൂലത്തുണ്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ്(119/19)<br>കരാറുകാരൻ : സുധീർകുമാർ.വി<br>PAC തുക : 199847/- | 25-07-18 | 03-09-18 | 199847/-<br>37/18-19/<br>26-12-18 | 1998 |
| 3 | കൊട്ടായ്ക്കാട്ട് ഭാഗം തോട്ടത്തിൽ പടി റോഡ് ഐറിഷ് ഓട നിർമ്മാണം(127/19)<br>കരാറുകാരൻ : ആർ.ഗോപിനാഥൻ പിള്ള<br>PAC തുക : 149863/- | 26-10-18 | 16-11-18 | 148473/-<br>53/18-19/<br>23-01-19 | 1499 |
| 4 | പട്ടാഴിമുക്ക് കുഴിവിളപ്പടി റോഡ് റീകോൺക്രീറ്റിംഗ്(109/19)<br>കരാറുകാരൻ : രാജേഷ് കുമാർ.ആർ<br>PAC തുക : 349948/- | 14-11-18 | 20-12-18 | 349598/-<br>55/18-19/<br>28-01-19 | 3499 |
| 5 | അമ്പാടിപ്പടി കല്ല് പാലം റോഡ് കലുങ്ക് നിർമ്മാണം(84/19)<br>കരാറുകാരൻ : ബിനുതോമസ്സ്<br>PAC തുക : 99796/- | 26-10-18 | 30-11-18 | 99973/-<br>56/18-19/<br>30-01-19 | 998 |
| 6 | ഇടത്തിട്ട മുകൾ വടക്കോട്ട് പടി ഓട നിർമ്മാണം(97/19)<br>കരാറുകാരൻ : കെ.ജെ.ബിജു<br>PAC തുക : 249098/- | 25-07-18 | 10-08-18 | 243370e/-<br>58/18-19/<br>11-03-19 | 2491 |
| 7 | ഊരാളന്തി ചീക്കൻ കല്ലിൽ പടി കാഞ്ഞിരവിളപ്പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം(25/19)<br>കരാറുകാരൻ : ആർ.ഗോപിനാഥൻ പിള്ള<br>PAC തുക : 234751/- | 04-10-18 | 20-10-18 | 227842/-<br>63/18-19/<br>19-03-19 | 2348 |
| 8 | ചങ്ങഴിമുറ്റം റോഡ് സംരക്ഷണഭിത്തി നിർമ്മാണം(223/19)<br>കരാറുകാരൻ : ബിജു.എം.<br>PAC തുക : 449374/- | 14-11-18 | 10-12-18 | 439449/-<br>66/18-19/<br>19-03-19 | 4494 |

| | | | | | |
|---|---|---|---|---|---|
| 9 | ചിരണിക്കൽ ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റിംഗ്(154/18, 171/19)<br>കരാറുകാരൻ : രാജേഷ് കുമാർ.ആർ<br>PAC തുക : 98202/- | 07-12-17 | 27-12-17 | 87622/-<br>18/18-19/<br>09-10-18 | 982 |
| 10 | മുസ്ലീം പള്ളിപ്പടി റോഡ് കലുങ്ക് പുനരുദ്ധാരണം(73/19)<br>കരാറുകാരൻ : ബിനുതോമസ്സ്<br>PAC തുക : 99487/- | 25-07-18 | 05-09-18 | 89022/-<br>44/18-19/<br>14-01-19 | 995 |
| 11 | അമ്പലത്തിൽപ്പടി റോഡ് കലുങ്ക് പുനരുദ്ധാരണം(52/19)<br>കരാറുകാരൻ : ബിനുതോമസ്സ്<br>PAC തുക : 99929/- | 26-10-18 | 30-11-18 | 97460/-<br>45/18-19/<br>14-01-19 | 999 |
| 12 | കോടിയാട്ട് ഭാഗത്ത് കലുങ്ക് പുനരുദ്ധാരണം(131/19)<br>കരാറുകാരൻ : രാജേഷ് കുമാർ.ആർ<br>PAC തുക : 99765/- | 30-10-18 | 20-12-18 | 97837/-<br>47/18-19/<br>14-01-19 | 998 |
| | ആകെ | | | | 23798 |

പിഴ ചുമത്താതെ ടി കരാറുകാരനെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ഗ്രാമ പഞ്ചായത്തിന് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20/25-10-19) ലഭ്യമാക്കിയ മറുപടിയോടൊപ്പം ക്രമ നം.2, 5, 8, 10, 11 പ്രകാരമുള്ള ഫൈൻ 11975/- രൂപ ബന്ധപ്പെട്ട കരാറുകാർ 28-10-19 ൽ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയതിന്റെ രസീതകളുടെ പകർപ്പ് ഹാജരാക്കി. മറ്റ് പ്രവൃത്തികളുടെ ഫൈൻ ഈടാക്കുന്നതാണെന്നും അറിയിച്ചു. ഈടാക്കാൻ അവശേഷിക്കുന്ന 11823/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-30 ബാരൽ വിലയും ജി.എസ്.ടിയും തനത്ഫണ്ട് അക്കൗണ്ടിൽ നിലനിർത്തി

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പാക്കിയ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്മേലുള്ള ജി.എസ്.ടിയും കുറവ് ചെയ്ത് സെക്രട്ടറിയുടെ ട്രഷറി തനത്ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.59827/എഫ്.എം./07ത.സ്വ.ഭ.വ/30-10-17 അനുസരിച്ച് ഏത് ഫണ്ടിൽ നിന്നാണോ ടാറിംഗ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുള്ളത് പ്രസ്തുത ഫണ്ടിലേക്ക് ബാരൽ വില ക്രഡിറ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ നില നിർത്തിയിട്ടുള്ള ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരലിന്റെ എണ്ണം | കുറവ് ചെയ്ത ബാരൽ വില | കുറവ് ചെയ്ത ജി.എസ്.ടി |
|---|---|---|---|---|
| 1. | അമ്പാടിപ്പടി അപ്പച്ചി അയ്യത്ത് പടി റോഡ് ടാറിംഗ് (135//19)<br>അടങ്കൽ : 736000(DF)<br>കരാറുകാരൻ : കെ.ജെ.ബിജു | 21 | 4998 | 900 |

| | | | | |
|---|---|---|---|---|
| | ഫൈനൽ ബിൽ തുക : 724740<br>ബിൽ നം./ തീയതി : 75/18-19/26-03-19 | | | |
| 2. | കരിങ്ങാട്ടിൽപ്പടി അറുകാലിക്കൽ അമ്പലം റോഡ് റീടാറിംഗ് (199/18, 188/19)<br>കരാറുകാരൻ : കെ.ജെ.ബിജു<br>അടങ്കൽ : 600000(MG Road)<br>ഫൈനൽ ബിൽ തുക : 586954<br>ബിൽ നം./ തീയതി : 68/18-19/21-03-19 | 33 | 7854 | 1414 |
| 3. | വാണിയംകാട്ട് ഭാഗം റോഡ് റീടാറിംഗ് ( 112/19)<br>കരാറുകാരൻ : ബിനുതോമസ്സ്<br>അടങ്കൽ : 300000(MG Road)<br>ഫൈനൽ ബിൽ തുക : 299504<br>ബിൽ നം./ തീയതി : 12/18-19/19-09-18 | 13 | 3094 | 557 |
| 4. | ബ്ലോക്ക് പടി പാലക്കോട്ട് പടി റോഡ് ടാറിംഗ് & സംരക്ഷണഭിത്തി (/18, 136/19)<br>കരാറുകാരൻ : ബിനുതോമസ്സ്<br>അടങ്കൽ : 450000(MG Road)<br>ഫൈനൽ ബിൽ തുക : 422647<br>ബിൽ നം./ തീയതി : 62/17-18/26-03-18 400000/-<br>ബിൽ നം./ തീയതി : 06/18-19/26-07-18 22647/- | 11 | 2618 | 471 |
| 5. | കുട്ടവിളപ്പടി ചീക്കൻ കല്ലിൽപ്പടി റോഡ് മെയിന്റനൻസ്(225/18, 194/19)<br>അടങ്കൽ : 150000(MG Road)<br>കരാറുകാരൻ : ബിനു തോമസ്സ്<br>ഫൈനൽ ബിൽ തുക : 145201<br>ബിൽ നം./ തീയതി : 08/18-19/18-09-18 | 6 | 1428 | 257 |
| 6. | നോട്ടുമ്പാലപ്പടി കളീലിൽ പടി റോഡ് റീടാറിംഗ്( 79/19)<br>കരാറുകാരൻ : ബിനു തോമസ്സ്<br>അടങ്കൽ : 300000(MG Road)<br>ഫൈനൽ ബിൽ തുക : 299997<br>ബിൽ നം./ തീയതി : 09/18-19/18-09-18 | 13 | 3094 | 557 |
| 7. | നെടുമൺ ഈട്ടിമൂട് റോഡ് മെയിന്റനൻസ്<br>(160/18, 173/19)<br>കരാറുകാരൻ : ഷിബു വർഗ്ഗീസ്<br>അടങ്കൽ : 1000000(MG Road)<br>പാർട്ട് ബിൽ തുക : 493607<br>ബിൽ നം./ തീയതി : 46/18-19/14-01-19<br>ഫൈനൽ ബിൽ തുക : 409821<br>ബിൽ നം./ തീയതി : 65/18-19/19-03-19 | 10 | 2380 | 429 |
| 8 | കാപ്പിൽ കോളനി റോഡ് റീടാറിംഗ് & റീ | 21 | 4998 | 900 |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റിംഗ്(78/19)<br>അടങ്കൽ : 400000(DF scp)<br>കരാറുകാരൻ :ബിനു തോമസ്സ്<br>ഫൈനൽ ബിൽ തുക : 399990<br>ബിൽ നം./ തീയതി : 27/18-19/24-11-18 | | | |
| | ആകെ | 128 | 30464 | 5485 |

ടി വിഷയം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/25-10-19) ലഭ്യമാക്കിയ മറുപടിയിൽ ബാരൽ വിലയും ജി.എസ്.ടി യും ഒടുക്കുന്നതിന് സെക്രട്ടറിയോട് അഭ്യർത്ഥിക്കുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. ക്രമ നം.7, 8 ലും ഉൾപ്പെടുത്തിയിട്ടുള്ള റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവ് ചെയ്യിട്ടില്ലായിരുന്നു. ഈ വിഷയം ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ ബാരൽ വിലയും ജി.എസ്.ടി യും കരാറുകാർ നേരിട്ട് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുകയായിരുന്നു. ടി 30464/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും 5485/- രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-31 ജി.എസ്.ടി കുറവ് ചെയ്യാതിരുന്നത് കരാറുകാരന് അധിക പ്രതിഫലം നൽകുന്നതിന് ഇടയാക്കി

01-10-2018 മുതൽ സമർപ്പിക്കുന്ന 250000 രൂപയ്ക്കു മുകളിലുള്ള മരാമത്ത് പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും പ്രവൃത്തിമൂല്യത്തുകയുടെ 2% തുക ജി.എസ്.ടിയായി കുറവ് ചെയ്യാതിരുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ആവിഷ്കരിച്ച് 2018-19 ൽ സ്പിൽ ഓവറായി നടപ്പാക്കിയ വെള്ളാരംകുന്ന് കോളനിക്കുള്ളിലെ റോഡുകളുടെയും നടവഴികളുടെയും കോൺക്രീറ്റിംഗ് (164/18, 175/19) എന്ന പ്രവൃത്തി ഇ-ടെണ്ടർ മുഖേന 363847.64 ക്വോട്ട് ചെയ്ത ശ്രീ.രാജേഷ് കുമാർ.ആർ എന്നയാളിന്റെ ടെണ്ടർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 27-03-18 ൽ പ്രവൃത്തി ഏറ്റെടുത്ത് 24-12-18 ൽ പൂർത്തീകരിച്ചു. അളവ് പുസ്തകം 27/18-19,43/18-19 പ്രകാരം 14-11-18 ൽ 179415/- രൂപയുടെ ഭാഗീക പ്രവൃത്തിമൂല്ല്യം കണക്കാക്കി പാർട്ട് ബിൽ തയ്യാറാക്കി ആദായ നികുതി, ക്ഷേമനിധി, സെസ്സ് എന്നിവ കുറവ് ചെയ്ത് കരാറുകാരന് 157867/- രൂപ നൽകി(ബിൽ നം./തീയതി 25/18-19/19-11-18).

ടി പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്ല്യമായ 363084/- രൂപയിൽ നിന്നും പാർട്ട് ബിൽ കുറവ് ചെയ്ത് 183669/- രൂപ കണക്കാക്കി ആദായ നികുതി, ക്ഷേമനിധി,സെസ്സ് എന്നിവ കുറവ് ചെയ്ത് കരാറുകാരന് 179977/- രൂപ ഫൈനൽ ബിൽ തുകയായി നൽകി (ബിൽ നം./തീയതി 42/18-19/27-12-18). പാർട്ട് ബിൽ കഴിച്ചുള്ള പ്രവൃത്തി മൂല്ല്യം 250000 രൂപയ്ക്ക് താഴെയാണെങ്കിലും ഫൈനൽ ബിൽ പ്രകാരമുള്ള പ്രവൃത്തിമൂല്യം 363084/-രൂപ ആയതിനാൽ 1% സ്റ്റേറ്റ് ജി.എസ്.ടി.യായി 3631/-രൂപയും 1% സെൻട്രൽ ജി.എസ്.ടി യായി 3631/-രൂപയും ഉൾപ്പെടെ 7262/-രൂപ കുറവ് ചെയ്തിട്ട് വേണമായിരുന്നു കരാറുകാരന് പ്രതിഫലം നൽകേണ്ടിയിരുന്നത്. ജി.എസ്.ടി ഇനത്തിൽ ഒടുക്കേണ്ട തുക കരാറുകാരന് അധിക പ്രതിഫലമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/29-10-19) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ബിൽ തുക 250000 ൽ താഴെ ആയതിനാലാണ് ജി.എസ്.ടി കുറവ് ചെയ്യാതിരുന്നതെന്ന് അറിയിച്ചു. പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കി ചരക്ക് സേവന നികുതി ഹെഡിൽ ഒടുക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-32 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2018-19 സാമ്പത്തിക വർഷം അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 77പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 272661/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ്

ചെയ്തിട്ടുള്ളതെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നുമുള്ള തൻ വർഷത്തെ ക്ഷേമ നിധി ഇനത്തിലുള്ള ആകെ ഡിമാന്റ് 272661/- രൂപയാണെന്നും പ്രസ്തുത തുക ക്ഷേമ നിധി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ടെന്നും ബോർഡിനെ അറിയിച്ച് ആയത് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-33 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് - കരാറുകാരന് അർഹതപ്പെട്ട തുകയിൽനിന്നും തെറ്റായി കുറവ് ചെയ്യുന്നു

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്ല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99 % തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏഴംകുളം ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമ നിധി വിഹിതം ഈടാക്കുന്നതിന് ഒപ്പം കളക്ഷൻ ചാർജ് ആയി സർവ്വീസ് സെസ്സ് എന്ന പേരിൽ ഒരു ശതമാനം തുക വീണ്ടും ഈടാക്കി തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. അസി.എഞ്ചിനിയർ ചെയ്യുന്ന ഈ നടപടി ക്രമം തെറ്റാണ്. ക്ഷേമനിധിയായി ഈടാക്കേണ്ട തുകയുടെ 99% തുക ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്കും ബാക്കിയുള്ള 1% തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയാണ് വേണ്ടത്. നടപടിക്രമങ്ങളിലുള്ള അപാകത പരിഹരിക്കുന്നതിനായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 അറുകാലിക്കൽ പഞ്ചായത്ത് സ്റ്റേഡിയം ഗേറ്റ് നിർമ്മാണം -ഫലപ്രാപ്തി കൈവരിച്ചില്ല.

2017-18 ലെ വാർഷിക പദ്ധതിയിൽ 50000 രൂപ തനത് ഫണ്ട് വകയിരുത്തി ആവിഷ്കരിച്ച അറുകാലിക്കൽ പഞ്ചായത്ത് സ്റ്റേഡിയത്തിന് ഗേറ്റ് നിർമ്മാണം (224/18, 193/19) എന്ന പ്രവൃത്തിക്ക് റീ ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.രാജേഷ് കുമാർ.ആർ, ചക്കനാട്ട് എന്ന കരാറുകാരൻ മാത്രമാണ് 49856.79 രൂപ ക്വോട്ട് ചെയ്ത് ടെണ്ടർ സമർപ്പിച്ചിരുന്നത്. പ്രസ്തുത ടെണ്ടർ കമ്മിറ്റി അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 31-03-18 ൽ അസി.എഞ്ചിനിയറുമായി കരാറിലേർപ്പെട്ടു. നാലുമാസത്തെ കാലാവധിയായിരുന്നു പ്രവൃത്തിക്ക് അനുവദിച്ച് നൽകിയിരുന്നത്.

23-11-18 ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സിൽ " അറുകാലിക്കൽ സ്റ്റേഡിയത്തിന്റെ ഗേറ്റ് നിലവിൽ പഞ്ചായത്തിന്റെ ഭൂമി നഷ്ടപ്പെടുന്ന വിധത്തിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്നു. ആയത് അടിയന്തിരമായി പൊളിച്ച് മാറ്റിയതിന് ശേഷം മാത്രമേ കരാറുകാരന് ബിൽ തുക മാറി നൽകുവാൻ പാടുള്ളൂ എന്ന് യോഗം തീരുമാനിച്ചു." എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അറുകാലിക്കൽ സ്റ്റേഡിയത്തിൽ ഭൗതിക പരിശോധന നടത്തി. നിർദ്ദിഷ്ട ഗേറ്റ് സ്ഥാപിക്കേണ്ട കവാടത്തിൽ നിന്നും ഏകദേശം 10 മീറ്റർ പുറകോട്ട് മാറ്റിയാണ് ഗേറ്റ് സ്ഥാപിക്കുന്നതിനുള്ള ഫൗണ്ടേഷൻ ചെയ്തിരിക്കുന്നതെന്ന് കാണാൻ കഴിഞ്ഞു. ഇവിടെ സ്ഥാപിക്കുന്നതിനായി സ്ക്വയർ ട്യൂബിൽ പണിതിട്ടുള്ള ഗേറ്റ് കൈതപ്പറമ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ വളപ്പിൽ തുരുമ്പ് പിടിക്കുന്ന അവസ്ഥയിൽ വെറുതെ കിടക്കുന്നതായും കാണാൻ കഴിഞ്ഞു.

2018-19 വർഷം സ്പിൽ ഓവറായ പ്രസ്തുത പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ നടപ്പാക്കാതിരുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (24/26-10-19). ആയതിന് ലഭ്യമാക്കിയ മറുപടിയോടൊപ്പം കരാറുകാരനോട് വിശദീകരണം ആരാഞ്ഞതിന്റെയും കരാറുകാരൻ ലഭ്യമാക്കിയ മറുപടിയുടെയും പകർപ്പ് ഹാജരാക്കി. എൽ.എസ്.ജി.ഡി ഉദ്യോഗസ്ഥർ കാണിച്ചുകൊടുത്ത ഭാഗത്ത് നിന്നും 10 മീറ്റർ ഉള്ളിലേക്ക് മാറ്റി ഗേറ്റ് സ്ഥാപിക്കാനുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതിനുള്ള വിശദീകരണമായി കരാറുകാരൻ ലഭ്യമാക്കിയ

മറുപടിയിൽ എൽ.എസ്.ജി.ഡി വിഭാഗം നിർദ്ദേശിച്ച സ്ഥലത്ത് നിന്നും 10 മീറ്റർ മാറ്റി നിർമ്മാണം നടത്തണമെന്ന് 20 -ാം വാർഡിലെ മെമ്പർ ആവശ്യപ്പെട്ടതായും മെമ്പർ നിർദ്ദേശിച്ച സ്ഥലത്ത് പണി ആരംഭിച്ചതായും എന്നാൽ നിർദ്ദിഷ്ട സ്ഥലത്തു നിന്നും ഗേറ്റ് മാറ്റി സ്ഥാപിച്ചാൽ ബിൽ മാറി നല്കുകയില്ലെന്ന് മുൻ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പണി നിർത്തി വയ്ക്കുകയായിരുന്നെന്നും കരാറുകാരൻ വ്യക്തമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരൻ സാങ്കേതിക വിഭാഗം നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് പ്രവൃത്തി നടപ്പാക്കേണ്ടത്. ബാഹ്യ ഇടപെടലുകൾക്കും സമ്മർദ്ദങ്ങൾക്കും വഴങ്ങി നിർമ്മാണ പ്രവൃത്തികൾ വ്യതിചലിച്ച് നടപ്പാക്കാൻ ശ്രമിച്ചതും നിർത്തിവച്ചതും കരാർലംഘനമാണ്. സ്റ്റേഡിയത്തിന്റെ ഭൂമി നഷ്ടപ്പെടാത്ത തരത്തിൽ നിർദ്ദിഷ്ട കവാടത്തിൽ തന്നെ ഗേറ്റ് സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് പ്രസ്തുത കരാറുകാരനെക്കൊണ്ട് പ്രവൃത്തി ചെയ്യിക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്. അല്ലാത്ത പക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ മറ്റൊരു ഏജൻസിയെക്കൊണ്ട് പ്രവൃത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്യുയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താല്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ച്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ട നിർദ്ദേശം ഭരണസമിതിക്ക് നൽകി ആവശ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

# 1-36 കൈതപ്പറമ്പ് മിനി സ്റ്റേഡിയം - ബാറ്റ്മിന്റൺ, വോളീബാൾ, ഷട്ടിൽ കോർട്ടുകളുടെ നിർമ്മാണം - പദ്ധതി യാഥാർത്ഥ്യമായില്ല

കൈതപ്പറമ്പ് മിനി സ്റ്റേഡിയത്തിൽ ബാറ്റ്മിന്റൺ കോർട്ട്, വോളീബാൾ കോർട്ട്, ഷട്ടിൽ കോർട്ട് എന്നിവയുടെ നിർമ്മാണത്തിനായി സ്പോർട്ട്സ് യുവജന കാര്യാലയം എഞ്ചിനിയറിംഗ് വിഭാഗം 11100000 രൂപയുടെ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Roof Work for 2 shuttle courts | 1954925 |
| Synthetic surface for 2 no.s shuttle court(over all size 18.2x17 m) | 906394 |
| 8 layer synthetic volleyball court | 1641609 |
| Side protection work,gallery,land development works etc. | 4243586 |
| Electrical work for indoor shuttle courts | 704678 |
| Yard lighting and electrification volleyball court | 673621 |
| PMC, site supervision charges | 300000 |
| Service Tax | 625489 |
| Total with service tax | 11050301 |
| Lumpsum/unforeseen | 49699 |
| Total | 11100000 |

ടി പദ്ധതിയുടെ നാലാമത്തെ ഇനമായ സൈഡ് സരക്ഷണം, ഗാലറി, ഭൂമി ലെവലാക്കുന്നതിനും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുമായി 2017-18 ൽ ജില്ലാ പഞ്ചായത്ത് ഫണ്ട് 2500000/- രൂപയും തനത് ഫണ്ട് 2500000/- രൂപയുമുൾപ്പെടെ 5000000 രൂപ വകയിരുത്തി ഒരു പ്രോജക്റ്റ് ആവിഷ്കരിച്ചിരുന്നു (126/18). പ്രസ്തുത പദ്ധതിക്കായി 4243586/- രൂപയുടെ അടങ്കലാണ് സ്പോർട്ട്സ് യുവജന കാര്യാലയം എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കിയിരുന്നത്. പ്രസ്തുത അടങ്കലിലെ ഓരോ ഇനങ്ങൾക്കും അളവുകൾ അൽപം കൂടി മാറ്റം വരുത്തിയാണ് എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റിലെ വിവിധ ഇനങ്ങൾക്കായി 4980104/- രൂപയും ഡിസ്പ്ലേ ബോർഡ്, മുൻകൂട്ടി കാണാത്ത ഇനം എന്നിവയ്ക്കായി 19896/- രൂപയും ഉൾപ്പെടെ 5000000 രൂപ വകയിരുത്തി.

ടി പ്രവൃത്തിക്കായി ഇ-ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 4228115.43 രൂപ ക്വോട്ട് ചെയ്ത ശ്രീ.സുധീർ കുമാറിന്റെ ടെണ്ടർ അംഗീകരിച്ചതിന്റ അടിസ്ഥാനത്തിൽ ടിയാൻ 21-03-18 ൽ അസി.എഞ്ചിനിയറുമായി കരാറിലേർപ്പെട്ട് പ്രവൃത്തി ഏറ്റെടുത്തു 27-07-19 ൽ പൂർത്തീകരിച്ചു. അളവ് പുസ്തകം 62/18-19 പ്രകാരം ആകെ വാല്യുവേഷൻ 3899587/- രൂപയാണ്. ഒന്നാം പാർട്ട് ബിൽ പ്രകാരം 3015151/- രൂപയും ഫൈനൽ ബിൽ പ്രകാരം 884436/- രൂപയും ഉൾപ്പെടെ ആകെ 3899587/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സ്റ്റേഡിയത്തിന്റെ കിഴക്ക് ഭാഗത്തും വടക്ക് ഭാഗത്തും ഗാലറി പണിയുന്നതിന് എസ്റ്റിമേറ്റിൽ വകയിരുത്തൽ ഉള്ളതായി പറയുന്നു. എന്നാൽ മൂന്നാം ഇനമായി റാന്റം റബിൾ മേസൻ റി വർക്ക്ചെയ്ത് കിഴക്ക് ഭാഗത്ത് മാത്രമേ എട്ട് സ്റ്റെപ്പായി ഗാലറി പണിതിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(32/29-10-19) വടക്ക് കിഴക്ക് ഭാഗങ്ങളിൽ ഗ്യാലറി നിർമ്മിക്കുന്നത് മൂലം പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകുമെന്ന സാഹചര്യത്തിലാണ് അസി.എക്സി. എഞ്ചിനിയറുടെ നിർദ്ദേശ പ്രകാരം കിഴക്ക് ഭാഗത്ത് മാത്രം ചെയ്തതെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. സ്പോർട്ട്സ് യുവജന കാര്യാലയം എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ എട്ടാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ളത് 60mm കനത്തിലുള്ള ഇന്റർലോക്ക് കട്ട പാകൽ എന്ന ഇനമാണ്. വിവിധ കോർട്ടുകളുടെ ഇടയിലും മുൻഭാഗത്തും സ്റ്റേഡിയത്തിലേക്ക് ഇറങ്ങുന്ന അപ്രോച്ച് റോഡും ഉൾപ്പെടെ ഇന്റർ ലോക്ക് കട്ട പാകുന്നതിനാണ് ഉൾപ്പെടുത്തലുള്ളത്. എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കിയ ടി പ്രവൃത്തിയുടെ എട്ടാം ഇനമായി 26 മീറ്റർ നീളത്തിൽ ആറ് മീറ്റർ വീതിയിൽ അപ്രോച്ച് റോഡ് ഇന്റർ ലോക്ക് കട്ട

പാകുന്നതിനാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിലുണ്ടായിരുന്ന റോഡിൽ 33.4 മീറ്ററിൽ (152.865m2) പൂട്ട് കട്ട പാകിയതായിട്ട് ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞു. അപ്രോച്ച് റോഡ് കട്ട പാകാനായി അവശേഷിച്ചിരിക്കുകയാണ്. സ്പോർട്ടസ് യുവജന കാര്യാലയം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയും വ്യതിചലിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനും വിശദീകരണം ലഭ്യമാക്കിയതിൽ ടാറിട്ട റോഡിൽ നിന്നും ആരംഭിക്കുന്ന റോഡാണ് അപ്രോച്ച് റോഡായി പൂട്ട് കട്ട ചെയ്തതെന്ന് അറിയിച്ചു. അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടി യുക്തിസഹമല്ല. അപ്രോച്ച് റോഡ് എന്ന് പറയുന്നത് നിലവിലുള്ള റോഡിൽ നിന്നും സ്റ്റേഡിയത്തിലേക്ക് ഇറങ്ങാൻ പുതിയതായി നിർമ്മിച്ച പാതയാണ്. ആയതിന് പൂട്ട് കട്ട പാകൽ ചെയ്യാതെ റോഡിൽ ചെയ്തത് അഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിചലനം തന്നെയാണ്. അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ച ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

11100000/- അടങ്കലുള്ള പ്രവൃത്തിക്ക് 2019-20 ൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എസ്റ്റിമേറ്റിലുള്ള ബാക്കി പ്രവൃത്തികൾക്ക് പ്രോജക്റ്റ് റിവിഷൻ സമയത്ത് സേവിംഗ്സ് ഉപയോഗിച്ച് പദ്ധതി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അസി. എഞ്ചിനിയർ ഓഡിറ്റ് വേളയിൽ അറിയിച്ചു. 2017-18ൽ ആരംഭിച്ച പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് വേണ്ട ഫണ്ട് വകയിരുത്തി പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-37 തെരുവ് വിളക്ക് മെയിന്റനൻസ്- സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

അടാട്ട് മാതൃകയിൽ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറേയും ഇലക്ട്രീഷ്യനേയും നിയമിച്ച് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ഇനത്തിൽ ഓഡിറ്റ് വർഷം 321800 രൂപ ചെലവഴിച്ചിട്ടുണ്ട്. പോൾ ഒന്നിന് 100 രൂപ കണക്കാക്കി ഡ്രൈവർക്ക് 45 രൂപ നിരക്കിലും ഇലക്ട്രീഷ്യന് 55 രൂപ നിരക്കിലുമാണ് പ്രതിഫലം നൽകിയിട്ടുള്ളത്. അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്ന പഞ്ചായത്തുകൾക്കായി പഞ്ചായത്ത് ഡയറക്ടർ പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (ഉത്തരവ് നം.G2/44274/2015 തീ. 17.08.15) എന്നാൽ പ്രസ്തുത മാർഗ്ഗരേഖയിലെ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല.

1) മാനദണ്ഡങ്ങൾ പാലിക്കാതെ താത്ക്കാലിക ജീവനക്കാർക്ക് പ്രതിഫലം നൽകി

ഒരു മാസം മാറ്റിയിട്ട തെരുവ് വിളക്കുകളുടെ എണ്ണം ഇലക്ട്രീഷ്യൻ സാക്ഷ്യപ്പെടുത്തി നൽകുന്നത് അംഗീകരിച്ച് മേൽ സൂചിപ്പിച്ച രീതിയിൽ പ്രതിഫലം നൽകുകയാണുണ്ടായത്. വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനായുള്ള മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുകയോ ഇലക്ട്രീഷ്യൻ നൽകുന്ന കണക്കുകളുടെ ആധികാരികത ഉറപ്പാക്കുകയോ ചെയ്യുന്നില്ല.

2) തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിൽ നിർദ്ദേശിച്ച രീതിയിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മെയിന്റനൻസ് ആവശ്യമായ തെരുവ് വിളക്കുകളുടെ പോസ്റ്റുകളുടെ വിവരം, വാർഡ് നമ്പർ എന്നിവ രേഖപ്പെടുത്തുന്നതനുസരിച്ച് ഇലക്ട്രീഷ്യൻ അപാകത പരിഹരിക്കേണ്ടതും തീയതി സഹിതം വിശദാംശം രേഖപ്പെടുത്തേണ്ടതുമാണ്. ഇത് വാർഡ് മെമ്പർ/നോഡൽ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും ഈ നടപടിക്രമങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതുമാണ്.

3) തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി സ്വീകരിക്കുന്നതിനും തുടർനടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിച്ചിട്ടില്ല. മാസത്തിലൊരിക്കൽ കെ.എസ്.ഇ.ബി. അധികൃതരെ പങ്കെടുപ്പിച്ച് മോണിട്ടറിംഗ് കമ്മിറ്റി യോഗം വിളിച്ച് ചേർത്ത് പ്രവൃത്തി ഫലപ്രദമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

4)ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവു വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

5)അറ്റകുറ്റപ്പണികൾക്കുള്ള ഉപകരണങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. കേടായ ഉപകരണങ്ങൾ പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്ററിൽ ചേർക്കുകയോ വർഷാന്ത്യത്തിൽ ഇപ്രകാരമുള്ള

സ്റ്റോക്ക് ഇൻ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ റീക്കൺസൈൽ ചെയ്യുകയോ ചെയ്തിട്ടില്ല. ആയതിന്റെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ടി അപാകതകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 തെരുവ് വിളക്കിന് ഉപകരണങ്ങൾ വാങ്ങൽ- വിനിയോഗ രേഖകളില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടുകൾ പ്രകാരം ഓഡിറ്റ് വർഷം തെരുവ് വിളക്ക് മെയിന്റനൻസിനായി തമ്പുരാൻകാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽനിന്നും 966696രൂപയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ ചുവടെ ചേർക്കും പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | ഇൻവോയ്സ് നം., തീയതി | ഇനം | എണ്ണം | തുക | ആകെ തുക, ട്രഷറി ബിൽ നം./ചെക്ക് നം, തീയതി |
|---|---|---|---|---|---|---|
| 1 | S0141/19 | 2127/31.03.18 | സിംഗിൾ ട്യൂബ് സെറ്റ് | 621 | 834748 | 834748 (3/18 19.05.18) |
| 2 | S0230/19 | 3282/16.01.19 | ട്യൂബ് | 1500 | 41700 | 131948 |
| | | | ചോക്ക് | 500 | 60595 | |
| | | | സ്റ്റാർട്ടർ | 1500 | 8895 | |
| | | | അലൂമിനിയം വയർ | 3 | 630 | |
| | | | **ആകെ** | | | 966696 |

വാങ്ങിയ ഉപകരണങ്ങളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ ഇവയുടെ വിനിയോഗം സംബന്ധിച്ച കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് നം.141/19 പ്രകാരം 834748 രൂപ ചെലവഴിച്ച് 621 പുതിയ സിംഗിൾ ട്യൂബ് സെറ്റുകൾ വാങ്ങിയിട്ടുണ്ട്. പുതിയ ട്യൂബ് സെറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-യിൽ സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കേണ്ടതുണ്ട്. സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കുകയും കെ.എസ്.ഇ.ബി-യിൽനിന്നും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടില്ല. കൂടാതെ പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട്, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല. ഈ സാഹചര്യത്തിൽ പദ്ധതി പ്രകാരം വാങ്ങിയ 621 ട്യൂബ് സെറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടാനായിട്ടില്ല. ഇലക്ട്രീഷ്യന് നൽകുന്ന ഉപകരണങ്ങളുടെ വിവരം, നീക്കിബാക്കി എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വർഷാവസാനം നീക്കിയിരിപ്പുള്ള ഉപകരണങ്ങളുടെ എണ്ണം ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് ഇൻ/സ്റ്റോക്ക് ഔട്ട് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഉപകരണങ്ങളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഭൗതിക പരിശോധനയിലൂടെ ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചില്ല.

വൻതുക ചെലവഴിച്ച് വാങ്ങുന്ന ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക്, വിനിയോഗ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കാതിരിക്കുന്നത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ടി പ്രോജക്ടുകളുടെ ഭാഗമായി ചെലവഴിച്ച 966696രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൃത്യമായ വിനിയോഗ വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം തീർപ്പാക്കുന്നതാണ്.

## 1-39 പൊതുടാപ്പുകളുടെ വെള്ളക്കരം-പ്രതി വർഷ ബാധ്യത 23.88 ലക്ഷം രൂപ

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 455 ടാപ്പുകളുടെ

വെള്ളക്കരം ഇനത്തിൽ 199063 രൂപയാണ് പ്രതിമാസം ഒടുക്ക് വരുത്തുന്നത്. പ്രതി വർഷ ബാധ്യത 2388756 രൂപ. വൻ തുകയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. സംയുക്തപരിശോധന നടത്തി ജല ലഭ്യതയുള്ള വാട്ടർ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തീയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21/2/19-ലെ ഡി.എ1/17/19/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശമനുസരിച്ച് സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി മഴക്കാലത്തിനു ശേഷം സംയുക്ത പരിശോധന നടത്തുവാൻ നിർദ്ദേശിച്ചിരുന്നു. കോളനികളിലെ പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതില്ല. മറ്റുള്ള സ്ഥലങ്ങളിൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. 2018-19 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.69 കുറിപ്പ് 2 പ്രകാരം പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും പകരം ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗാർഹിക കണക്ഷന് പ്രാധാന്യം നൽകി പഞ്ചായത്തിന്റെ തനത് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി ക്രിയാത്മക നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 1-40 വിനിയോഗത്തിലെ കുറവ് മൂലം പഞ്ചായത്തിന് നഷ്ടപ്പെട്ടത് 62.42 ലക്ഷം രൂപ

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും അവ കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതിലും ഉണ്ടായ വീഴ്ച മൂലം 2018-19 സാമ്പത്തിക വർഷം 6242353 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. സാമ്പത്തിക വർഷാവസാനം ചെലവഴിക്കാതെ അവശേഷിച്ച തുകയാണ് ഇപ്രകാരം നഷ്ടമായത് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലഭ്യമായ തുക | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 19509000 | 16895484 | 2613516 |
| വികസന ഫണ്ട്(എസ്.സി.പി) | 12348000 | 9406746 | 2941254 |
| വികസന ഫണ്ട്(റ്റി.എസ്.പി) | 180000 | 0 | 180000 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) | 4354000 | 3846417 | 507583 |
| ആകെ | | | 6242353 |

നിർവ്വഹണം കാര്യക്ഷമമാക്കി പ്രോജക്ട് നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-41 അഡ്വക്കേറ്റ് ഫീസ് ഇനത്തിൽ അധികം തുക നൽകി

ജി.ഒ (എം.എസ്) 36/2016/എൽ.എസ്.ജി.ഡി. തീ.18/2/16 പ്രകാരം ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന് കേസൊന്നിന് പരമാവധി നൽകാവുന്നത് 15000 രൂപയാണ്. അതിൽ കൂടുതൽ നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ആവശ്യമാണ്. ഈ സർക്കാർ ഉത്തരവ് പാലിക്കാതെ 18000 രൂപ നിരക്കിൽ 162000 രൂപ അഡ്വ.കെ.ഷാജ് എന്നയാൾക്ക് അഡ്വക്കേറ്റ് ഫീസ് ഇനത്തിൽ നൽകിയിട്ടുണ്ട് (വൗച്ചർ നമ്പർ 21801469/18.3.19). വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കേസ് നമ്പർ | നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | ഒ.പി.സി നം.2831/18 | 18000 | 15000 | 3000 |
| 2 | റിട്ട് പെറ്റീഷൻ 16896/18 | 18000 | 15000 | 3000 |
| 3 | റിട്ട് പെറ്റീഷൻ 16821/18 | 18000 | 15000 | 3000 |
| 4 | റിട്ട് പെറ്റീഷൻ 16665/18 | 18000 | 15000 | 3000 |
| 5 | റിട്ട് പെറ്റീഷൻ 25813/18 | 18000 | 15000 | 3000 |
| 6 | റിട്ട് പെറ്റീഷൻ 29129/18 | 18000 | 15000 | 3000 |
| 7 | റിട്ട് പെറ്റീഷൻ 16383/18 | 18000 | 15000 | 3000 |
| 8 | ഒ.പി.സി നം.1256/18 | 18000 | 15000 | 3000 |
| | ആകെ | | | 24000 |

അധികം നൽകിയ 24000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക അടിയന്തിരമായി തിരികെ ഈടാക്കി വിവരം അറിയിക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

# 1-42 അഡ്വക്കേറ്റ് ഫീസ് നൽകിയതിൽ ഇരട്ടിപ്പ്

റിട്ട് പെറ്റിഷൻ 15775/17-ന്റെ ഫൈനൽ ജഡ്ജ്മെന്റ് 04/8/17-ൽ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അഡ്വ.കെ.ഷാജിന് 11/9/17-ലെ 12379നം.ചെക്ക് പ്രകാരം 10000 രൂപയും 30/1/18-ലെ 21700995 നമ്പർ വൗച്ചർ പ്രകാരം 5000 രൂപയുമുൾപ്പടെ 15000 രൂപ അഡ്വക്കേറ്റ് ഫീസ് ഇനത്തിൽ നൽകിയിരുന്നു. 2018-19-ൽ ഫൈനൽ ജഡ്ജ്മെന്റ് ആയ 8കേസുകളുടെ കൂട്ടത്തിൽ ഫീസ് നൽകിയ ഈ റിട്ട് പെറ്റീഷൻ നമ്പറും കാണിച്ച് അഡ്വക്കേറ്റ് ഫീസ് ഒടുക്കുവാൻ ആവശ്യപ്പെട്ടിരുന്നു. സ്യൂട്ട് രജിസ്റ്റർ പരിശോധിക്കാതെ ആവശ്യപ്പെട്ട ഫീസായ 18000രൂപ നൽകിയതുവഴി(വൗച്ചർ നമ്പർ 21801469/18.3.19) ഒരു കേസിന് രണ്ടു പ്രാവശ്യം ഫീസ് നൽകുവാൻ ഇടയായി. ജി.ഒ(എം.എസ്)36/2016/എൽ.എസ്.ജി.ഡി. തീ.18/2/16 പ്രകാരം ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന് കേസൊന്നിന് പരമാവധി നൽകാവുന്നത് 15000 രൂപയാണ്. അധികം നൽകിയ 18000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക അടിയന്തിരമായി തിരികെ ഈടാക്കി വിവരം അറിയിക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-43 ഒ.ഡി.എഫ്.-തനത് ഫണ്ടിൽ നിഷ്ക്രീയമായി ശേഷിക്കുന്നത് 41.76ലക്ഷം രൂപ

സ.ഉ(സാധാ)2537/16/ത.സ്വ.ഭ.വ തീയതി 27/08/16 പ്രകാരം വെളിയിട വിസർജ്ജന വിമുക്ത പദ്ധതിയ്ക്കായി (ODF) പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച 4176000 രൂപ ചുവടെ ചേർക്കും പ്രകാരം ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഡി.ഡി.നം., തീയതി | തുക |
|---|---|---|
| 1 | 008907/22.12.16 | 1693368 |
| 2 | 9188/16.03.17 | 1401121 |
| 3 | തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത് | 1081511 |
| | ആകെ | 4176000 |

2016-17 സാമ്പത്തിക വർഷം ലഭിച്ച തുക ഇപ്പോഴും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഓ.ഡി.എഫ്. റീഇംപേഴ്സ് ചെയ്ത തുക ചെലവഴിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 28.12.16-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ ഓർഡിനേഷൻ കമ്മിറ്റി പുറപ്പെടുവിച്ചിരുന്നു . ഏത് വിഭാഗം ഫണ്ടാണോ ഓ.ഡി.എഫിന് വകയിരുത്തിയത്, ആ വിഭാഗം ഫണ്ടായി കണക്കാക്കി തുക ചെലവഴിക്കണം. അനിവാര്യ പദ്ധതികൾ ഏറ്റെടുത്തതിന് ശേഷം ശുചിത്വ പദ്ധതികൾ നടപ്പിലാക്കുന്നതിന് തുക ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം റീഇംപേഴ്സ് ചെയ്ത് കിട്ടിയ തുകയും ഈ തുക ഉപയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളും അതിന്റെ ചെലവും സംബന്ധിച്ച വിശദവിവരങ്ങൾ പ്രത്യേകമായി സൂക്ഷിക്കണം. എന്നാൽ 2017-18, 2018-19 വാർഷിക പദ്ധതിയിൽ പ്രസ്തുത തുക വകയിരുത്തി പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടില്ല. ഡി.പി.സിയുടെ അംഗീകാരം ലഭിച്ച 2019-20 വാർഷിക പദ്ധതിയിലും ഈ തുക വകയിരുത്തിയിട്ടില്ല. ലഭിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിഷ്ക്രീയമായി കിടക്കുന്നു. സർക്കാർ നിർദ്ദേശാനുസരണം ഫണ്ട് ചെലവഴിക്കുന്നതിന് പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 പഞ്ചായത്തിന് ലഭിക്കുന്ന പരാതികളിൻമേൽ ഫലപ്രദമായ തുടർനടപടികളില്ല

ഏഴംകുളം പഞ്ചായത്തിലെ Vാം വാർഡിലെ 10ാം നമ്പർ അങ്കണവാടിയിലേക്കുള്ള പൈപ്പ് ലൈൻ പൊട്ടി വെള്ളം പാഴാകുന്നുവെന്നും അങ്കണവാടിയ്ക്ക് വെള്ളം ലഭിക്കുന്നില്ലെന്നും ആയതിനാൽ തുടർനടപടികൾ സ്വീകരിക്കണമെന്നും 18/10/17-ൽ അങ്കണവാടി വർക്കർ ഗ്രാമപഞ്ചായത്തിന് പരാതി നൽകിയിരുന്നു. ഇത് സംബന്ധിച്ച് അങ്കണ വാടി നിരീക്ഷണ സമിതി അംഗങ്ങളും കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും (209/19) വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി 14000 രൂപ 2018-19 സാമ്പത്തിക വർഷം ഒടുക്ക് വരുത്തുകയും ചെയ്തിരുന്നു. എന്നാൽ വാട്ടർ അതോറിറ്റിയുടെ തന്നെ നിലവിൽ ഇടപാടുകൾ നടത്താത്ത അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്തത്. ഒടുക്കിയ തുക തിരികെ നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 6/7/19-ൽ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പരാതി നൽകി രണ്ടു വർഷങ്ങൾക്ക് ശേഷവും പൈപ്പ്ലൈൻ പൊട്ടി വെള്ളം പാഴാകുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടായിട്ടില്ല. അങ്കണവാടിയ്ക്ക് ആവശ്യമായ ജലം ലഭിക്കുന്നുമില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി സർക്കാർ ഫണ്ട് ലഭ്യമായിരിക്കെയാണ് സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ട വിഷയത്തിൽ അനാസ്ഥയുണ്ടായത്. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കിയിട്ടും ബില്ലിൽ കുറവ് ചെയ്തിട്ടില്ല

സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 199063 രൂപയാണ് പ്രതിമാസം അടയ്ക്കുന്നത്. ഓരോ മാസത്തേയും വെള്ളക്കരം അതാത് മാസം അടയ്ക്കുന്നുണ്ടെങ്കിലും വാട്ടർ അതോറിറ്റിയുടെ ബില്ലുകളിൽ കുടിശ്ശിക അടയ്ക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ കുടിശ്ശികയായിരുന്ന തുക ഒടുക്കാതെ തൻമാസത്തെ ഡിമാന്റ് പ്രകാരമുള്ള തുക ഒടുക്കി വരുകയാണ് ചെയ്തിരുന്നത്. മാർച്ച് മാസത്തെ ബിൽ പ്രകാരം 63790 രൂപയാണ് വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ ഒടുക്കാനുണ്ടായിരുന്നത്. വെള്ളക്കര കുടിശ്ശിക ഉണ്ടായിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ്/വികസന ഫണ്ട് അലോട്ട്മെന്റിൽ നിന്നും കുടിശ്ശിക തുക ഗഡുക്കളായി കുറവ് ചെയ്യാനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 95815 രൂപ 2018-19 വർഷത്തെ അലോട്ട്മെന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട് (മെയ് മാസത്തെ ബില്ലിൽ നിന്നും ഇത് കുറവ് ചെയ്തു) ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുവാൻ സംയുക്ത പരിശോധന നടത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിലെ വാട്ടർ ചാർജ് ഒടുക്കിയിരുന്നില്ല. പിന്നീട് മെയ് മാസത്തിൽ കുടിശ്ശിക ഉൾപ്പടെയുള്ള വെള്ളക്കരം ഒടുക്കി. തുടർന്ന് വെള്ളക്കരം അതാത് മാസം അടയ്ക്കുന്നുണ്ടെങ്കിലും വാട്ടർ അതോറിറ്റിയുടെ ബില്ലുകളിൽ വൻ തുക കുടിശ്ശിക കാണിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തെ ബിൽ പ്രകാരം 823503രൂപയാണ് വെള്ളക്കരകുടിശ്ശിക ഒടുക്കേണ്ടത്. ഇത്തരത്തിൽ വൻ തുക കുടിശ്ശിക കാണിച്ചിട്ടും ആയതിൻമേൽ ഗ്രാമപഞ്ചായത്ത് നാളിതുവരെ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ഇതു കൂടാതെ 2019-20 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നും നാളിതുവരെ 37392 രൂപ കുറവ് ചെയ്യുകയുമുണ്ടായി. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. യഥാസമയം നടപടി എടുക്കുന്നതിലുണ്ടാകുന്ന വീഴ്ചമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന പക്ഷം ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയാകുന്നതാണ്.

## 1-46 പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ (പി)നം.7/2016/ഫിൻ തീ. 20.01.2016 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഖണ്ഡിക48 പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്കും 1/7/14 മുതൽ 31/1/16 വരെയുള്ള കാലയളവിൽ വിരമിച്ചവരുമായ ജീവനക്കാർക്കും അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1. | സന്ദീപ് ജേക്കബ് | അസിസ്റ്റന്റ് സെക്രട്ടറി |
| 2. | സന്ധ്യ കെ.ബി | അക്കൗണ്ടന്റ് |
| 3. | ബിജിമോൾ എസ്. | സീനിയർ ക്ലാർക്ക് |
| 4. | സീമ സി. | സീനിയർ ക്ലാർക്ക് |
| 5. | ബിന്ധ്യ കുമാരി സി. | സീനിയർ ക്ലാർക്ക് |
| 6. | ദീപ്തി കെ. | ലൈബ്രേറിയൻ |
| 7. | സാലിമോൾ സി. | ക്ലാർക്ക് |
| 8. | ബീഗം എ. മദീഹ | ക്ലാർക്ക് |
| 9. | സുന്ദരേഷൻ കെ.സി. | ക്ലാർക്ക്(റിട്ട.) |
| 10. | ഷിബിന സിദ്ദിക് | ക്ലാർക്ക് |
| 11. | ചിത്ര മധു | ക്ലാർക്ക് |
| | | |

| | | |
|---|---|---|
| 12. | ദിവ്യ വി.എസ്. | ഓഫീസ് അറ്റൻഡന്റ് |
| 13. | പി.ജി.ആനന്ദൻ | പി. റ്റി.എസ് |
| 14. | ഷീജ ആർ. | പാർട്ട് ടൈം ലൈബ്രേറിയൻ |
| 15. | ശ്രീ. മാത്യൂസ് പി.ഒ. | സെക്രട്ടറി |

ജി.ഒ(എം.എസ്)205/90/എൽ.എ.ഡി/3.12.90, തദ്ദേശ ഭരണ വകുപ്പിന്റെ 26/6/08ലെ 54/40/EPI-2/07/ ത.സ്വ.ഭ.വ നം. സർക്കുലർ എന്നിവ പ്രകാരം എല്ലാ മാസവും 5ാം തീയതിയ്ക്ക് മുൻപായി പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കേണ്ടതും ഒടുക്കാതിരിക്കുന്നതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി ജീവനക്കാർക്ക് അനുവദിച്ച അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-47 ചെലവിനാധാരമായ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2018-19 വർഷം നടത്തിയ ചുവടെ ചേർക്കുന്ന ചെലവുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം., തീയതി | ചെലവ് തുക | ചെലവിന്റെ വിവരം | ചെലവ് തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1 | 21800103<br>27/04/18 | 18555 | ഷോപ്പിംഗ് കോംപ്ലക്സ് റൂം-2 ഷട്ടർ ഇടുന്നതിനുള്ള ചെലവ് | പഞ്ചായത്ത് കമ്മിറ്റിയുടെ ചെലവനുവാദമില്ല |
| 2 | 21800128<br>04/05/18 | 14500 | 3ാം വാർഡിലെ 3ാം നമ്പർ അങ്കണവാടിയ്ക്ക് ദാനാധാരം ലഭിച്ച വസ്തുവിന്റെ പ്രമാണച്ചെലവ് | ടി വസ്തുവിന്റെ ആധാരം ഹാജരാക്കിയില്ല. വസ്തു നാളിതുവരെ പഞ്ചായത്തിന്റെ പേരിൽക്കൂട്ടുകയോ കരം ഒടുക്കുകയോ ചെയ്തിട്ടില്ല . |
| 3 | 21800470/4.8.18<br>21800471/4.8.18 | 25321<br>7815 | ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന് ഇ-ത്രിവേണി എന്ന സ്ഥാപനത്തിന് നൽകിയത് | ക്വട്ടേഷൻ കൂടാതെ സാധനങ്ങൾ വാങ്ങി. ചെലവ് തുക പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല |
| 4 | 21800228<br>12.06.18 | 200000 | മഴക്കാല പൂർവ്വ ശുചീകരണം - ശുചിത്വ മിഷൻ ഫണ്ട് വിഹിതം പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ മുതലായവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. |
| 5 | 21800229<br>12.6.18 | 100000 | മഴക്കാല പൂർവ്വ ശുചീകരണം - തനത് ഫണ്ട് വിഹിതം പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ മുതലായവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. |
| | | 366191 | | |

അനുബന്ധരേഖകളുടെ അഭാവത്തിൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13-06-2019 | കെ.എസ്.എ.പി.റ്റി.എ1-602/2019(49) തീയതി.09-07-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 857523 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 857523 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2818606 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 406100 | 2412506 |
| ബ്ലോക്ക് | 2018- | 300000 | ക്ഷീര കർഷകർക്ക് പാലിന് | 30000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 19 | | സബ്സിഡി | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | എം.എൻ ലക്ഷംവീട് ഒറ്റവീട് ഇരട്ട വീടാക്കൽ | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | എം.എൻ ലക്ഷംവീട് ഒറ്റവീട് ഇരട്ട വീടാക്കൽ | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1775877 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 0 | 1775877 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 776533 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 776500 | 33 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | അങ്കണവാടി പൂരക പോഷകാഹാരം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 800000 | പാലിയേറ്റീവ് കെയർ പ്രോഗ്രാം | 754833 | 45167 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | നെൽകൃഷി വികസനം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1100000 | എം.എൻ ലക്ഷംവീട് ഒറ്റവീട് ഇരട്ട വീടാക്കൽ | 0 | 1100000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 700000 | അങ്കണവാടി നം-5 നിർമ്മാണം | 230589 | 469411 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2500000 | കൈതപ്പറമ്പ് മിനി സ്റ്റേഡിയത്തിൽ, ഷട്ടിൽ കോർട്ട്, വോളിബോൾ കോർട്ട്, ബാഡ്മിന്റൺ കോർട്ട് എന്നിവയുടെ നിർമ്മാണം | 2500000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ നീട്ടൽ | 4921890 | 0 | 4921890 |
| കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ നീട്ടൽ | 1629207 | 0 | 1629207 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5868356 രൂപ വരവുണ്ട്. മുൻബാക്കി രൂപയടക്കം 5868356 രൂപയിൽ 5866620 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 961/2016/LSGD dtd.20.03.2010 | 19326000 | 2474500 | 1000000 | 0 | 1474500 |
| ലൈഫ് ഭവന പദ്ധതി | PAN/22565/ 18J2(DD)dtd.22.09.18 | 5868356 | 0 | 0 | 0 | 5868356 |

## 4-6 സ്ഥിര നിക്ഷേപം

ഓഡിറ്റ് കാലയളവിൽ സ്ഥിര നിക്ഷേപങ്ങളില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 141355212 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 98003388 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1415953 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 41066 | ശ്രീമതി. ജയ വി. എൻ.,അസി.എഞ്ചിനീയർ |
| 1-39 | 834748<br>131948 | ശ്രീമതി.മേരിലത ജെ, സെക്രട്ടറി<br>ശ്രീ. വിദ്യാധരൻ പിള്ള, സെക്രട്ടറി |
| 1-42 | 24000 | ശ്രീ. വിദ്യാധരൻ പിള്ള, സെക്രട്ടറി |
| 1-43 | 18000 | -ടി- |
| 1-48 | 333055<br>33136 | ശ്രീമതി.മേരിലത ജെ, സെക്രട്ടറി<br>ശ്രീ. വിദ്യാധരൻ പിള്ള, സെക്രട്ടറി |
| ആകെ | 1415953 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജയ വി എൻ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ ഏഴംകുളം ഗ്രാമപഞ്ചായത്ത് | വെട്ടികുന്നിൽ തെക്കേതിൽ അമ്മകണ്ടകര, അടൂർ, 9495836019 |
| ശ്രീമതി.മേരിലത ജെ, സെക്രട്ടറി | സെക്രട്ടറി, കുളക്കട ഗ്രാമപഞ്ചായത്ത് | പൊൻപുലരി ശാസ്താംകോട്ട പി.ഒ. |
| ശ്രീ. വിദ്യാധരൻ പിള്ള, സെക്രട്ടറി | വിരമിച്ചു. | കോയിപ്പുറത്ത് ഹൗസ് മുളമ്പുഴ പന്തളം പി.ഒ 689501 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി.3/772/97 തീയതി.29-04-98 | 13(3)(6),29,30,31(1),31(2),32 |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.3/11/2000 തീയതി.02-12-2000 | 31 |
| 1999-00 | എൽ.എഫ്.പി.റ്റി.എ.പി.3/873/2000 തീയതി.01-03-01 | 30(3) |
| 2001-02 ജ.ആ | എൽ.എഫ്.പി.റ്റി.എ.പി.2/274/05 തീയതി.19-08-05 | 7 |
| | [illegible] | |

| | | |
|---|---|---|
| 2001-02 വരവ് ചെലവ് | എൽ.എഫ്.പി.റ്റി.എ.പി.2/274/05 തീയതി.19-08-05 | 3-5 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.10.626/08 തീയതി.23.10.2008 | 3-4,3-13,3-7(B)1 to 6,3-7,3-8 3-9, 3-10, |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.4/1408/07 തീയതി.21-12-07 | 3-7 to 3-12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.10/792/08 തീയതി.28-02-09 | 3-1,3-4(1),(2),(3), (4),3-5,2-2എ,2-2ബി,3-6 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.10/793/08 തീയതി.20-07-09 | 3-2,3-5, 3-6സി(1), (2)(3) |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.10/206/09 തീയതി.06-01-10/12-11-10 | 2-1,2-3(2), 2-4,2-5,2-6,3-11 to 3-18 3-21 to 3-24 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.10/154/10 തീയതി 08/10/2010 | 3-1 to 3-5, 3-7,3-9,3-12, 3-15to 3-19 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി.10/144/2011 തീയതി.26.09.13 | 3-17,314,3-15 |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി.10/443/2013 തീയതി.01-10-13/04-09-14 | 3-1,3-3,3-5, 3-11 |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.10/445/2013 തീയതി.01-10-13 | 3-4,3-8,3-10, 3-12,3-13(1), 3-17 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.10/1061/14 തീയതി.09-02-15 | 2-1 to 2-8, 3-2,3-5,3-6 |
| 2013-14 & 2014-15 | കെ.എസ് .എ പി.റ്റി.എ. പി.10/7351/15 തീയതി.12-08-15/24.08.15 | 1-3,3-6,3-16 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി10-1203/16 തീയതി 17.11.2016 | 1-3,1-12, 1-15,3-2,3-5, 3-7,3-8 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി10/979/2017 തീയതി 11.09.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി10/1573/18 തീയതി.7.01.2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം കെ.എസ്.എ.പി.റ്റി.എ.പി10/932/2019 തീയതി:05.12.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖ. 1-11-ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

<u>Audit Certificate</u>

No.KSA.PTA.P10/932/2019 Dated:05.12.2019

Certified that I have examined the Annual Financial Statement of **Ezhamkulam Grama Panchayat** in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Ezhamkulam Grama Panchayat** for the year 2018-19 except the obeservations in para 1-11, my report properly presents the picture of income and expenditure.

**Deputy Director**
**Kerala State Audit Department**
**Pathanamthitta**